ബൈബിൾപരമായ സമ്പൂർണ്ണ സത്യങ്ങൾ

യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. യോഹന്നാൻ 14:6
മരണപര്യന്തം സത്യത്തിനു വേണ്ടി പോരാടുക, കർത്താവ് നിങ്ങൾക്കുവേണ്ടി പോരാടും. സഭാപ്രസംഗി 4:28

പഞ്ച ഗ്രന്ഥങ്ങൾ

എന്റെ യജമാനനായ അബ്രാഹാമിന്റെ ദൈവമായ യഹോവ വാഴ്ത്തപ്പെട്ടവൻ; അവൻ എന്റെ യജമാനനോടു തന്റെ ദയയും വിശ്വസ്തതയും ഉപേക്ഷിച്ചിട്ടില്ല. ഞാൻ വഴിയിൽ ഇരിക്കുമ്പോൾ യഹോവ എന്നെ എന്റെ യജമാനന്റെ സഹോദരന്മാരുടെ വീട്ടിലേക്കു നടത്തിക്കൊണ്ടുവന്നു എന്നു പറഞ്ഞു. ഉല്പത്തി 24:27

അടിയനോടു കാണിച്ചിരിക്കുന്ന സകലദയയ്ക്കും സകലവിശ്വസ്തതയ്ക്കും ഞാൻ ഒട്ടും യോഗ്യനല്ല; എന്റെ വടിയോടുകൂടെ മാത്രമല്ലോ ഞാൻ ഈ യോർദ്ദാൻ കടന്നതു; ഇപ്പോഴോ ഞാൻ രണ്ടു കൂട്ടമായി തീർന്നിരിക്കുന്നു. ഉല്പത്തി 32:10

നിങ്ങളുടെ സഹോദരനെ കൂട്ടിക്കൊണ്ടുവരുവാൻ നിങ്ങളിൽ ഒരുത്തനെ അയപ്പിൻ; നിങ്ങളെ തടവിൽ സൂക്ഷിക്കേണം; നിങ്ങളിൽ സത്യം ഉണ്ടോ എന്നു നിങ്ങളുടെ വാക്കു പരീക്ഷിച്ചറിയാമല്ലോ; അല്ലെങ്കിൽ ഫറവോനാണ, നിങ്ങൾ ഒറ്റുകാർ തന്നേ. ഉല്പത്തി 42:16

അതല്ലാതെ, ദൈവഭക്തരും സത്യവാന്മാരും ദുരാഗ്രഹം വെറുക്കുന്നവരുമായ പ്രാപ്തിയുള്ള പുരുഷന്മാരെ സകലജനത്തിൽനിന്നും തിരഞ്ഞെടുത്തു അവരെ ആയിരംപേർക്ക് അധിപതിമാരായും നൂറുപേർക്ക് അധിപതിമാരായും അമ്പതുപേർക്ക് അധിപതിമാരായും പത്തുപേർക്ക് അധിപതിമാരായും നിയമിക്ക. പുറപ്പാട് 18:21

യഹോവ അവന്റെ മുമ്പാകെ കടന്നു ഘോഷിച്ചതു എന്തെന്നാൽ: യഹോവ, യഹോവയായ ദൈവം, കരുണയും കൃപയുമുള്ളവൻ; ദീർഘക്ഷമയും മഹാദയയും സത്യവുമുള്ളവൻ. പുറപ്പാട് 34:6

അപ്പോൾ നീ അന്വേഷിക്കുകയും അന്വേഷിക്കുകയും സൂക്ഷ്മമായി അന്വേഷിക്കുകയും വേണം; അങ്ങനെയുള്ള മ്ലേച്ഛത നിങ്ങളുടെ ഇടയിൽ

നടന്നിരിക്കുന്നു എന്നുള്ളത് സത്യവും നിശ്ചയവുമാണെങ്കിൽ; ആവർത്തനപുസ്തകം 13:14

അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം. അവന്റെ വഴികൾ ഒക്കെയും ന്യായം; അവൻ സത്യമുള്ള ദൈവം, നീതിയില്ലാത്തവൻ; അവൻ നീതിമാനും നേരുള്ളവനും ആകുന്നു. ആവർത്തനപുസ്തകം 32:4

ചരിത്രം

ആകയാൽ നിങ്ങൾ യഹോവയെ ഭയപ്പെട്ടു അവനെ ആത്മാർത്ഥതയോടും സത്യത്തോടുംകൂടെ സേവിപ്പിൻ; നിങ്ങളുടെ പിതാക്കന്മാർ നദിക്കക്കരെയും മിസ്രയീമിലും സേവിച്ച ദേവന്മാരെ ഉപേക്ഷിക്കയും യഹോവയെ സേവിക്കയും ചെയ്‌വിൻ. ജോഷ്വ 24:14

മുൾപടർപ്പു വൃക്ഷങ്ങളോടു പറഞ്ഞു: നിങ്ങൾ എന്നെ നിങ്ങളുടെ രാജാവായി അഭിഷേകം ചെയ്യുന്നത് സത്യമാണെങ്കിൽ, വന്ന് എന്റെ നിഴലിൽ ആശ്രയിക്കൂ; അല്ലെങ്കിൽ, മുൾപടർപ്പിൽനിന്നു തീ പുറപ്പെട്ട് ലെബനോനിലെ ദേവദാരുക്കളെ ദഹിപ്പിക്കട്ടെ. ന്യായാധിപന്മാർ 9:15

യഹോവയെ ഭയപ്പെട്ടു പൂർണ്ണഹൃദയത്തോടും പരമാർത്ഥതയോടുംകൂടെ സേവിക്കമാത്രം ചെയ്‌വിൻ; അവൻ നിങ്ങൾക്കു എത്ര വലിയ കാര്യം ചെയ്തിരിക്കുന്നു എന്നു ഓർത്തുകൊൾവിൻ. ശമൂവേൽ-1 12:24

ദാവീദ് പുരോഹിതനോടു: ഞാൻ വന്നതുമുതൽ ഈ മൂന്നു ദിവസമായി സ്ത്രീകൾ ഞങ്ങളോടു അകന്നിരിക്കുന്നു സത്യം; ബാല്യക്കാരുടെ പാത്രങ്ങളോ വിശുദ്ധം തന്നേ; അപ്പമോ ഇന്നു പാത്രത്തിൽ വിശുദ്ധീകരിച്ചതെങ്കിലും അതും ഒരു സാമാന്യവസ്തു തന്നേ എന്നു പറഞ്ഞു. ശമൂവേൽ-1 21:5

യഹോവ നിങ്ങളോടു ദയയും വിശ്വസ്തതയും കാണിക്കുമാറാകട്ടെ; നിങ്ങൾ ഈ കാര്യം ചെയ്തിരിക്കകൊണ്ടു ഞാനും നിങ്ങൾക്കു നന്മ ചെയ്യും. ശമൂവേൽ 2 2:6

നീ ഇന്നലെ വന്നതേയുള്ളൂ; ഇന്നു ഞാൻ നിന്നെ ഞങ്ങളോടുകൂടെ അലഞ്ഞുനടക്കുമാറാക്കുമോ? ഞാൻ എവിടെ പോയാലും മടങ്ങിപ്പോക; നിന്റെ സഹോദരന്മാരെയും കൂട്ടിക്കൊണ്ടു പോക; ദയയും വിശ്വസ്തതയും നിന്നോടുകൂടെ ഇരിക്കട്ടെ. ശമൂവേൽ -2 15:20

“നിന്റെ മക്കൾ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടുംകൂടെ എന്റെ മുമ്പാകെ സത്യത്തിൽ നടക്കേണ്ടതിന് അവരുടെ വഴി സൂക്ഷിക്കുമെങ്കിൽ യിസ്രായേലിന്റെ സിംഹാസനത്തിൽ ഒരു പുരുഷൻ നിന്നെ

വിട്ടുകളയുകയില്ല" എന്ന് യഹോവ എന്നെക്കുറിച്ചു അരുളിച്ചെയ്ത വചനം നിവർത്തിക്കേണ്ടതിന്. രാജാക്കന്മാർ 1 2:4

അതിന്നു ശലോമോൻ പറഞ്ഞതു: എന്റെ അപ്പനായ ദാവീദ് എന്ന നിന്റെ ദാസൻ സത്യത്തോടും നീതിയോടും ഹൃദയപരമാർത്ഥതയോടും കൂടെ നിന്റെ മുമ്പാകെ നടന്നതിന്നു ഒത്തവണ്ണം നീ അവന്നു വലിയ ദയ കാണിച്ചു, ഇന്നുള്ളതുപോലെ അവന്റെ സിംഹാസനത്തിൽ ഇരിപ്പാൻ അവന്നു ഒരു മകനെ നല്കിയതിനാൽ ഈ വലിയ കൃപ അവന്നു വേണ്ടി പാലിക്കയും ചെയ്തിരിക്കുന്നു. രാജാക്കന്മാർ 1 3:6

സ്ത്രീ ഏലീയാവോടു: നീ ദൈവപുരുഷൻ എന്നും നിന്റെ നാവിന്മേലുള്ള യഹോവയുടെ വചനം സത്യമെന്നും ഞാൻ ഇതിനാൽ അറിയുന്നു എന്നു പറഞ്ഞു. രാജാക്കന്മാർ 1 17:24

യഹോവേ, അശ്ശൂർ രാജാക്കന്മാർ ആ ജാതികളെയും അവരുടെ ദേശങ്ങളെയും ശൂന്യമാക്കിയതു സത്യം തന്നേ; രാജാക്കന്മാർ 2 19:17

അയ്യോ യഹോവേ, ഞാൻ സത്യത്തോടും ഏകാഗ്രഹൃദയത്തോടും കൂടെ തിരുമുമ്പിൽ നടന്നു തിരുമുമ്പിൽ പ്രസാദമായുള്ളതു ചെയ്തിരിക്കുന്നു എന്നു ഓർക്കേണമേ എന്നു ഞാൻ അപേക്ഷിക്കുന്നു എന്നു പറഞ്ഞു ഹിസ്കീയാവു ഏറ്റവും കരഞ്ഞു. രാജാക്കന്മാർ 2 20:3

അപ്പോൾ ഹിസ്കീയാവ് യെശയ്യാവിനോട്: "നീ പറഞ്ഞിരിക്കുന്ന യഹോവയുടെ വചനം നല്ലതു" എന്ന് പറഞ്ഞു. "എന്റെ ജീവകാലത്തു സമാധാനവും സത്യവും ഉണ്ടായിരിക്കുമല്ലോ, അതു നല്ലതല്ലേ?" എന്ന് അവൻ പറഞ്ഞു. രാജാക്കന്മാർ 2 20:19

രാജാവു അവനോടു: യഹോവയുടെ നാമത്തിൽ സത്യമല്ലാതെ യാതൊന്നും എന്നോടു പറയരുതെന്നു എത്ര പ്രാവശ്യം ഞാൻ നിന്നോടു സത്യം ചെയ്തു പറയേണം എന്നു ചോദിച്ചു. ദിനവൃത്താന്തം 2 18:15

യെഹിസ്കീയാവു യെഹൂദയിൽ ഒക്കെയും ഇങ്ങനെ ചെയ്തു; തന്റെ ദൈവമായ യഹോവയുടെ സന്നിധിയിൽ നന്മയും ന്യായവും സത്യവുമായുള്ളതു പ്രവർത്തിച്ചു. ദിനവൃത്താന്തം 2 31:20

അവൻ അഹശ്വേരോശിന്റെ രാജ്യത്തിലെ നൂറ്റിരുപത്തേഴു പ്രവിശ്യകളിലെ സകല യെഹൂദന്മാർക്കും സമാധാനവും സത്യവുമായ വാക്കുകളോടുകൂടി കത്തുകൾ അയച്ചു. എസ്ഥേർ 9:30

കവിത

അതു അങ്ങനെ തന്നേ എന്നു എനിക്കും അറിയാം സത്യം; ദൈവസന്നിധിയിൽ മനുഷ്യൻ നീതിമാനാകുന്നതെങ്ങനെ? ഇയ്യോബ് 9:2

നിഷ്കളങ്കനായി നടന്നു നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും ചെയ്യുന്നവൻ. സങ്കീർത്തനങ്ങൾ 15:2

നിന്റെ സത്യത്തിൽ എന്നെ നടത്തി എന്നെ പഠിപ്പിക്കേണമേ; നീ എന്റെ രക്ഷയുടെ ദൈവമാകുന്നുവല്ലോ; ദിവസം മുഴുവനും ഞാൻ നിങ്കൽ പ്രത്യാശവെക്കുന്നു. യഹോവയുടെ നിയമവും സാക്ഷ്യങ്ങളും പ്രമാണിക്കുന്നവർക്കും അവന്റെ പാതകളൊക്കെയും ദയയും സത്യവും ആകുന്നു. സങ്കീർത്തനങ്ങൾ 25: 5,10

നിന്റെ ദയ എന്റെ കണ്ണിന്മുമ്പിൽ ഇരിക്കുന്നു; നിന്റെ സത്യത്തിൽ ഞാൻ നടന്നുമിരിക്കുന്നു. സങ്കീർത്തനങ്ങൾ 26:3

ഞാൻ കുഴിയിൽ ഇറങ്ങിപ്പോയാൽ എന്റെ രക്തംകൊണ്ടു എന്തു ലാഭമുള്ളു? പൊടി നിന്നെ സ്തുതിക്കുമോ? നിന്റെ സത്യത്തെ പ്രസ്താവിക്കുമോ? സങ്കീർത്തനങ്ങൾ 30:9

നിന്റെ കയ്യിൽ ഞാൻ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു; സത്യദൈവമായ യഹോവേ, നീ എന്നെ വീണ്ടെടുത്തിരിക്കുന്നു. സങ്കീർത്തനങ്ങൾ 31:5

യഹോവയുടെ വചനം നേരുള്ളതു; അവന്റെ സകലപ്രവൃത്തികളും സത്യത്തോടെ ചെയ്തിരിക്കുന്നു. സങ്കീർത്തനങ്ങൾ 33:4

ഞാൻ നിന്റെ നീതിയെ എന്റെ ഹൃദയത്തിൽ മറച്ചുവെച്ചിട്ടില്ല; നിന്റെ വിശ്വസ്തതയും രക്ഷയും ഞാൻ പ്രസ്താവിച്ചിരിക്കുന്നു; നിന്റെ ദയയും സത്യവും ഞാൻ മഹാസഭെക്കു മറെച്ചതുമില്ല. യഹോവേ, നിന്റെ കരുണ നീ എനിക്കു അടെച്ചുകളയില്ല; നിന്റെ ദയയും സത്യവും എന്നെ എപ്പോഴും പരിപാലിക്കും. സങ്കീർത്തനങ്ങൾ 40: 10-11

നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമേ; അവ എന്നെ നടത്തുമാറാകട്ടെ; നിന്റെ വിശുദ്ധപർവ്വതത്തിലേക്കും തിരുനിവാസത്തിലേക്കും അവ എന്നെ എത്തിക്കുമാറാകട്ടെ. സങ്കീർത്തനങ്ങൾ 43:3

സത്യവും സൌമ്യതയും നീതിയും പാലിക്കേണ്ടതിന്നു നീ മഹിമയോടെ കൃതാർത്ഥനായി വാഹനമേറി എഴുന്നെള്ളുക; നിന്റെ വലങ്കൈ

ഭയങ്കരകാര്യങ്ങളെ നിനക്കു ഉപദേശിച്ചുതരുമാറാകട്ടെ. സങ്കീർത്തനങ്ങൾ 45:4

അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നതു; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ. സങ്കീർത്തനങ്ങൾ 51:6

അവൻ എന്റെ ശത്രുക്കൾക്കു തിന്മ പകരം ചെയ്യും; നിന്റെ വിശ്വസ്തതയാൽ അവരെ സംഹരിച്ചുകളയേണമേ. സങ്കീർത്തനങ്ങൾ 54:5

എന്നെ വിഴുങ്ങുവാൻ ഭാവിക്കുന്നവന്റെ നിന്ദയിൽനിന്നു അവൻ സ്വർഗ്ഗത്തിൽനിന്നു കൈനീട്ടി എന്നെ രക്ഷിക്കും. സേലാ. ദൈവം തന്റെ ദയയും സത്യവും അയയ്ക്കും. നിന്റെ ദയ ആകാശത്തോളവും നിന്റെ വിശ്വസ്തത മേഘങ്ങളോളവും വലുതല്ലോ. സങ്കീർത്തനങ്ങൾ 57: 3,10

സത്യം നിമിത്തം ഉയർത്തേണ്ടതിന്നു നീ നിന്റെ ഭക്തന്മാർക്കു ഒരു കൊടി കൊടുത്തിരിക്കുന്നു. സേലാ. സങ്കീർത്തനങ്ങൾ 60:4

അവൻ എന്നേക്കും ദൈവസന്നിധിയിൽ വസിക്കും; അവനെ പരിപാലിക്കേണ്ടതിന്നു ദയയും വിശ്വസ്തതയും കല്പിക്കേണമേ. സങ്കീർത്തനങ്ങൾ 61:7

ഞാനോ യഹോവേ, പ്രസാദകാലത്തു നിന്നോടു പ്രാർത്ഥിക്കുന്നു; ദൈവമേ, നിന്റെ ദയയുടെ ബഹുത്വത്താൽ, നിന്റെ രക്ഷാവിശ്വസ്തതയാൽ തന്നേ, എനിക്കുത്തരമരുളേണമേ. സങ്കീർത്തനങ്ങൾ 69:13

എന്റെ ദൈവമേ, ഞാനും വീണകൊണ്ടു നിന്നെയും നിന്റെ സത്യത്തെയും സ്തുതിക്കും; യിസ്രായേലിന്റെ പരിശുദ്ധനായുള്ളോവേ, ഞാൻ വീണകൊണ്ടു നിനക്കു സ്തുതിപാടും. സങ്കീർത്തനങ്ങൾ 71:22

ദയയും സത്യവും തമ്മിൽ എതിരേറ്റിരിക്കുന്നു; നീതിയും സമാധാനവും പരസ്പരം ചുംബിച്ചിരിക്കുന്നു. സത്യം ഭൂമിയിൽനിന്നു മുളെക്കും; നീതി സ്വർഗ്ഗത്തിൽനിന്നു നോക്കും. സങ്കീർത്തനങ്ങൾ 85: 10-11

യഹോവേ, നിന്റെ വഴി എന്നെ പഠിപ്പിക്കേണമേ; ഞാൻ നിന്റെ സത്യത്തിൽ നടക്കും; നിന്റെ നാമത്തെ ഭയപ്പെടുവാൻ എന്റെ ഹൃദയത്തെ ഏകാഗ്രമാക്കേണമേ. നീയോ കർത്താവേ, കരുണയും കൃപയും നിറഞ്ഞ ദൈവമാകുന്നു; ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ തന്നേ. സങ്കീർത്തനങ്ങൾ 86: 11,15

നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കും. കർത്താവേ, നിന്റെ

സത്യത്തിൽ നി ദാവീദിനോടു സത്യംചെയ്ത നിന്റെ പണ്ടത്തെ കൃപകൾ എവിടെ? സങ്കീർത്തനങ്ങൾ 89: 14,49

അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ മൂടും; അവന്റെ ചിറകുകളുടെ കീഴിൽ നീ ആശ്രയിക്കും; അവന്റെ സത്യം നിന്റെ പരിചയും പലകയും ആയിരിക്കും. സങ്കീർത്തനങ്ങൾ 91:4

യഹോവയുടെ സന്നിധിയിൽ തന്നേ; അവൻ വരുന്നുവല്ലോ; അവൻ ഭൂമിയെ വിധിപ്പാൻ വരുന്നുവല്ലോ. അവൻ ലോകത്തെ നീതിയോടും ജാതികളെ തന്റെ വിശ്വസ്തതയോടുംകൂടെ വിധിക്കും. സങ്കീർത്തനങ്ങൾ 96:13

അവൻ യിസ്രായേൽഗൃഹത്തിന്നു തന്റെ ദയയും വിശ്വസ്തതയും ഓർത്തിരിക്കുന്നു; ഭൂമിയുടെ അറുതികളൊക്കെയും നമ്മുടെ ദൈവത്തിന്റെ രക്ഷ കണ്ടിരിക്കുന്നു. സങ്കീർത്തനങ്ങൾ 98:3

യഹോവ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളതു; അവന്റെ വിശ്വസ്തത തലമുറതലമുറയായും ഇരിക്കുന്നു. സങ്കീർത്തനങ്ങൾ 100:5

നിന്റെ ദയ ആകാശത്തിന്നു മീതെ വലുതാകുന്നു; നിന്റെ സത്യം മേഘങ്ങളോളം എത്തുന്നു. സങ്കീർത്തനങ്ങൾ 108:4

അവ എന്നെന്നേക്കും സ്ഥിരമായിരിക്കുന്നു; അവ സത്യത്തോടും നേരോടുംകൂടെ അനുഷ്ഠിക്കപ്പെടുന്നു. സങ്കീർത്തനങ്ങൾ 111:8

ഞങ്ങൾക്കല്ല, യഹോവേ, ഞങ്ങൾക്കല്ല, നിന്റെ ദയയും സത്യവും നിമിത്തം നിന്റെ നാമത്തിന്നു തന്നേ മഹത്വം വരുത്തേണമേ. സങ്കീർത്തനങ്ങൾ 115:1

നമ്മോടുള്ള അവന്റെ ദയ വലുതായിരിക്കുന്നു; യഹോവയുടെ സത്യം എന്നേക്കും നിലനില്ക്കുന്നു; യഹോവയെ സ്തുതിപ്പിൻ. സങ്കീർത്തനങ്ങൾ 117:2

സത്യത്തിന്റെ മാർഗ്ഗം ഞാൻ തിരഞ്ഞെടുത്തിരിക്കുന്നു; നിന്റെ വിധികളെ എന്റെ മുമ്പിൽ വെച്ചിരിക്കുന്നു. നിന്റെ വിധികൾക്കായി ഞാൻ കാത്തിരിക്കയാൽ സത്യത്തിന്റെ വചനം എന്റെ വായിൽ നിന്നു നീക്കിക്കളയരുതേ. നിന്റെ നീതി ശാശ്വതനീതിയും നിന്റെ ന്യായപ്രമാണം സത്യവുമാകുന്നു. യഹോവേ, നീ സമീപസ്ഥനാകുന്നു; നിന്റെ കല്പനകൾ ഒക്കെയും സത്യം തന്നേ. സങ്കീർത്തനങ്ങൾ 119:30 ,43,142,151

യഹോവ ദാവീദിനോടു സത്യം സത്യം ചെയ്തിരിക്കുന്നു; അവൻ അതിൽനിന്നു മാറുകയില്ല; നിന്റെ ഗർഭഫലത്തിൽനിന്നു ഞാൻ നിന്റെ സിംഹാസനത്തിൽ ഇരുത്തും. സങ്കീർത്തനങ്ങൾ 132:11

ഞാൻ നിന്റെ വിശുദ്ധമന്ദിരത്തെ നോക്കി നമസ്കരിച്ചു, നിന്റെ ദയയും സത്യവും നിമിത്തം തിരുനാമത്തിന്നു സ്തോത്രം ചെയ്യും; നിന്റെ നാമത്തിന്നു മീതെ ഒക്കെയും നീ നിന്റെ വാഗ്ദാനത്തെ മഹിമപ്പെടുത്തിയിരിക്കുന്നു. സങ്കീർത്തനങ്ങൾ 138:2

യഹോവ, തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും, സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥനാകുന്നു. സങ്കീർത്തനങ്ങൾ 145:18

അവൻ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കി; അവൻ എന്നേക്കും സത്യം കാക്കുന്നു. സങ്കീർത്തനങ്ങൾ 146:6

ദയയും വിശ്വസ്തതയും നിന്നെ കൈവിടാതിരിക്കട്ടെ; അവയെ നിന്റെ കഴുത്തിൽ കെട്ടിക്കൊൾക; നിന്റെ ഹൃദയത്തിന്റെ മേശയിൽ എഴുതിക്കൊൾക. സദൃശ്യവാക്യങ്ങൾ 3:3

എന്റെ വായ് സത്യം സംസാരിക്കും; ദുഷ്ടത എന്റെ അധരങ്ങൾക്കു അറെപ്പാകുന്നു. സദൃശ്യവാക്യങ്ങൾ 8:7

സത്യം പറയുന്നവൻ നീതി അറിയിക്കുന്നു; കള്ളസാക്ഷിയോ വഞ്ചന അറിയിക്കുന്നു. സത്യം പറയുന്ന അധരം എന്നേക്കും നിലനില്ക്കും; വ്യാജം പറയുന്ന നാവോ മാത്രനേരത്തേക്കേയുള്ളു. സദൃശ്യവാക്യങ്ങൾ 12:17 ,19

ദോഷം നിരൂപിക്കുന്നവർ തെറ്റിപ്പോകുന്നില്ലയോ? നന്മ നിരൂപിക്കുന്നവർക്കോ ദയയും വിശ്വസ്തതയും ഉണ്ടാകും. സദൃശ്യവാക്യങ്ങൾ 14:22

ദയയും വിശ്വസ്തതയുംകൊണ്ടു അകൃത്യം പരിഹരിക്കപ്പെടുന്നു; യഹോവാഭക്തികൊണ്ടു മനുഷ്യർ ദോഷത്തെ വിട്ടകലുന്നു. സദൃശ്യവാക്യങ്ങൾ 16:6

ദയയും വിശ്വസ്തതയും രാജാവിനെ കാക്കുന്നു; ദയകൊണ്ടു അവൻ തന്റെ സിംഹാസനത്തെ ഉറപ്പിക്കുന്നു. സദൃശ്യവാക്യങ്ങൾ 20:28

സത്യവചനങ്ങളുടെ ഉറപ്പ് നിന്നെ അറിയിക്കേണ്ടതിന്നും, നിന്റെ അടുക്കൽ അയച്ചവർക്കും നീ സത്യവചനങ്ങൾക്കു ഉത്തരം പറയേണ്ടതിന്നും തന്നേ. സദൃശ്യവാക്യങ്ങൾ 22:21

നീ സത്യം വിൽക്കയല്ല വാങ്ങുക; ജ്ഞാനവും പ്രബോധനവും വിവേകവും കൂടെ വാങ്ങുക. സദൃശ്യവാക്യങ്ങൾ 23:23

ഇമ്പമായുള്ള വാക്കുകൾ കണ്ടെത്തുവാൻ സഭാപ്രസംഗി ഉത്സാഹിച്ചു; എഴുതിയിരിക്കുന്നതു നേരായി എഴുതിയിരിക്കുന്നതും സത്യമായുള്ള വചനങ്ങളുമായിരുന്നു. സഭാപ്രസംഗി 12:10

പ്രവചനം

ഞാൻ കേൾക്കെ സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്തതു: വലിയതും നല്ലതുമായ പല വീടുകളും ആൾ പാർപ്പില്ലാതെ ശൂന്യമാകും നിശ്ചയം. യെശയ്യാ 5:9

അന്നാളിൽ യിസ്രായേലിൽ ശേഷിച്ചവരും യാക്കോബ് ഗൃഹത്തിൽ രക്ഷപ്പെട്ടവരും തങ്ങളെ അടിച്ചവനെ ഇനി ആശ്രയിക്കാതെ, യിസ്രായേലിന്റെ പരിശുദ്ധനായ യഹോവയെ പരമാർത്ഥമായി ആശ്രയിക്കും. യെശയ്യാ 10:20

സിംഹാസനം ദയയാൽ സ്ഥിരപ്പെടും; അവൻ അതിന്മേൽ ദാവീദിന്റെ കൂടാരത്തിൽ സത്യത്തോടെ ഇരിക്കും; അവൻ ന്യായപാലനം ചെയ്തും ന്യായാന്വേഷണം ചെയ്തും നീതി നടത്തുവാൻ ത്വരിതപ്പെടും. യെശയ്യാ 16:5

യഹോവേ, നീ എന്റെ ദൈവമാകുന്നു; ഞാൻ നിന്നെ പുകഴ്ത്തും; ഞാൻ നിന്റെ നാമത്തെ സ്തുതിക്കും; നീ അത്ഭുതമായി പ്രവർത്തിച്ചിരിക്കുന്നുവല്ലോ; നിന്റെ പുരാതന ആലോചനകൾ വിശ്വസ്തതയും സത്യവും ആകുന്നു. യെശയ്യാ 25:1

സത്യം കാണിക്കുന്ന നീതിയുള്ള ജാതി പ്രവേശിക്കേണ്ടതിന്നു വാതിലുകളെ തുറപ്പിൻ. യെശയ്യാ 26:2

യഹോവേ, അശ്ശൂർ രാജാക്കന്മാർ സകലജാതികളെയും അവരുടെ ദേശങ്ങളെയും ശൂന്യമാക്കിയതു സത്യം തന്നേ; യെശയ്യാ 37:18

“അയ്യോ യഹോവേ, ഞാൻ സത്യത്തോടും ഏകാഗ്രഹൃദയത്തോടും കൂടെ തിരുമുമ്പിൽ നടന്നു നിനക്കു പ്രസാദമായുള്ളതു ചെയ്തിരിക്കുന്നു എന്നു ഓർക്കേണമേ” എന്നു പറഞ്ഞു; ഹിസ്കീയാവു ഏറ്റവും കരഞ്ഞു. പാതാളം നിന്നെ സ്തുതിക്കുന്നില്ല; മരണത്തിന്നു നിന്നെ വാഴ്ത്താൻ കഴിയുന്നതല്ല; കുഴിയിൽ ഇറങ്ങുന്നവർ നിന്റെ സത്യത്തെ പ്രത്യാശിക്കുന്നതുമില്ല. ഇന്നു ഞാൻ ചെയ്യുന്നതുപോലെ ജീവനുള്ളവൻ മാത്രം നിന്നെ സ്തുതിക്കും; അപ്പൻ മക്കളോടു നിന്റെ വിശ്വസ്തതയെ അറിയിക്കും. യെശയ്യാവ് 38:3 ,18-19

അപ്പോൾ ഹിസ്കീയാവ് യെശയ്യാവിനോട്: “നീ പറഞ്ഞിരിക്കുന്ന യഹോവയുടെ വചനം നല്ലതു” എന്ന് പറഞ്ഞു; “എന്റെ ജീവകാലത്തു സമാധാനവും സത്യവും ഉണ്ടായിരിക്കുമല്ലോ” എന്നും അവൻ പറഞ്ഞു. യെശയ്യാ 39:8

ചതഞ്ഞ ഓട അവൻ ഒടിച്ചുകളകയില്ല; പുകയുന്ന തിരി കെടുത്തുകളകയില്ല; അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും. യെശയ്യാ 42:3

സകലജാതികളും ഒന്നിച്ചുകൂടട്ടെ, വംശങ്ങൾ ചേർന്നുവരട്ടെ; അവരിൽ ആർ ഇതു പ്രസ്താവിച്ചു, പണ്ടു പ്രസ്താവിച്ചതു പറഞ്ഞുതരേണം? അവർ നീതീകരിക്കപ്പെടേണ്ടതിന്നു സാക്ഷികളെ കൊണ്ടുവരട്ടെ; അല്ലെങ്കിൽ അവർ കേട്ടു സത്യം എന്നു പറയട്ടെ. യെശയ്യാ 43:9

യിസ്രായേൽ എന്ന പേർ വിളിക്കപ്പെട്ടവരും യെഹൂദയുടെ വെള്ളത്തിൽനിന്നു ഉത്ഭവിച്ചവരും യഹോവയുടെ നാമത്തിൽ സത്യം ചെയ്യുന്നവരും സത്യത്തോടും നീതിയോടും കൂടെയല്ലെങ്കിലും യിസ്രായേലിന്റെ ദൈവത്തെ കീർത്തിക്കുന്നവരുമായ യാക്കോബ്ഗൃഹമേ, ഇതു കേട്ടുകൊള്ളുവിൻ. യെശയ്യാ 48:1

ആരും നീതിക്കുവേണ്ടി വാദിക്കുന്നില്ല, ആരും സത്യത്തിനുവേണ്ടി വാദിക്കുന്നില്ല; അവർ വ്യാജത്തിൽ ആശ്രയിച്ചു ഭോഷ്കു പറയുന്നു; അവർ കഷ്ടത്തെ ഗർഭം ധരിച്ചു നീതികേടിനെ പ്രസവിക്കുന്നു. ന്യായം പിന്മാറി നീതി അകന്നുനിലക്കുന്നു; സത്യം വീഥിയില് വീണിരിക്കുന്നു; നീതി കടന്നുകൂടാ. സത്യം കാണാതെ പോകുന്നു; ദോഷം വിട്ടകലുന്നവൻ കവർച്ചയായി ഭവിക്കുന്നു; യഹോവ അതു കണ്ടു ന്യായം ഇല്ലായ്കയാൽ അവന്നു അനിഷ്ടം തോന്നുന്നു. യെശയ്യാവ് 59:4 ,14-15

യഹോവയായ ഞാൻ ന്യായത്തെ ഇഷ്ടപ്പെടുന്നു, കവർച്ചയെ ഹോമയാഗമായി വെറുക്കുന്നു; ഞാൻ വിശ്വസ്തതയോടെ അവരുടെ പ്രവൃത്തിയെ നയിക്കും; ഞാൻ അവരുമായി ഒരു ശാശ്വത നിയമം ചെയ്യും. യെശയ്യാ 61:8

ഭൂമിയിൽ തന്നെത്താൻ അനുഗ്രഹിക്കുന്നവൻ സത്യദൈവത്താൽ തന്നെത്താൻ അനുഗ്രഹിക്കും; ഭൂമിയിൽ സത്യം ചെയ്യുന്നവൻ സത്യദൈവത്താൽ സത്യം ചെയ്യും; മുമ്പിലത്തെ കഷ്ടങ്ങൾ മറന്നുപോകയും അവ എന്റെ കണ്ണിന്നു മറഞ്ഞിരിക്കയും ചെയ്തിരിക്കുന്നു. യെശയ്യാ 65:16

യഹോവയാണ എന്നു നീ സത്യത്തോടും ന്യായത്തോടും നീതിയോടും കൂടെ സത്യം ചെയ്കയും ജാതികൾ അവനിൽ തങ്ങളെത്തന്നെ അനുഗ്രഹിച്ചു അവനിൽ പുകഴുകയും ചെയ്യും. യിരേമ്യാവു 4:2

യെരൂശലേമിന്റെ വീഥികളിലൂടെ ചുറ്റിനടന്ന് നോക്കുവിൻ; അതിന്റെ വിശാലസ്ഥലങ്ങളിൽ അന്വേഷിക്കുവിൻ; ന്യായം നടപ്പിലാക്കുന്നവനും സത്യം അന്വേഷിക്കുന്നവനുമായ ഒരു മനുഷ്യനെ കണ്ടെത്തുമോ എന്ന് നിങ്ങൾ അന്വേഷിക്കുവിൻ; ഞാൻ അത് ക്ഷമിക്കും. യഹോവേ, നിന്റെ

കണ്ണുകൾ സത്യത്തെയല്ലയോ നോക്കുന്നത്? നീ അവരെ അടിച്ചു എങ്കിലും അവർ ദുഃഖിച്ചില്ല; നീ അവരെ ദഹിപ്പിച്ചു എങ്കിലും അവർക്കു ബോധം കൈക്കൊൾവാൻ മനസ്സില്ലായിരുന്നു; അവർ തങ്ങളുടെ മുഖങ്ങളെ പാറയെക്കാൾ കടുപ്പമാക്കി; മടങ്ങിവരുവാൻ അവർ മനസ്സില്ലായിരുന്നു. യിരെമ്യാവ് 5:1 ,3

എന്നാൽ നീ അവരോടു പറയേണ്ടത്: തങ്ങളുടെ ദൈവമായ യഹോവയുടെ വാക്കു കേട്ടനുസരിക്കാത്തവരും ഉപദേശം കൈക്കൊൾകയില്ലാത്തവരുമായ ഒരു ജാതിയാകുന്നു ഇത്; സത്യം നശിച്ചു അവരുടെ വായിൽനിന്നും നിർമ്മൂലമായിരിക്കുന്നു. യിരേമ്യാവു 7:28

അവർ വ്യാജത്തിന്നായിട്ടു നാവു വില്ലുപോലെ കുലെക്കുന്നു; എന്നാൽ അവർ ഭൂമിയിൽ സത്യത്തിന്നായിട്ടല്ല വീര്യം കാണിക്കുന്നതു; അവർ ദോഷം വിട്ടു ദോഷത്തിലേക്കു പുറപ്പെടുന്നു; അവർ എന്നെ അറിയുന്നില്ല എന്നു യഹോവയുടെ അരുളപ്പാടു. അവർ ഓരോരുത്തനും താന്താന്റെ കൂട്ടുകാരനെ ചതിക്കും; സത്യം സംസാരിക്കയുമില്ല; വ്യാജം പറവാൻ അവർ നാവിനെ അഭ്യസിപ്പിച്ചിരിക്കുന്നു; നീതികേടു പ്രവർത്തിക്കുവാൻ അവർ അദ്ധ്വാനിക്കുന്നു. യിരെമ്യാവ് 9:3 ,5

എന്നാൽ നിങ്ങൾ എന്നെ കൊന്നുകളഞ്ഞാൽ, നിങ്ങൾ കുറ്റമില്ലാത്ത രക്തം നിങ്ങളുടെ മേലും ഈ നഗരത്തിന്മേലും അതിലെ നിവാസികളുടെ മേലും വരുത്തും എന്നു അറിഞ്ഞുകൊൾവിൻ; നിങ്ങൾ കേൾക്കെ ഈ വാക്കുകളൊക്കെയും പ്രസ്താവിക്കേണ്ടതിന്നു യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു സത്യം. യിരേമ്യാവു 26:15

ഇതാ, ഞാൻ രോഗശാന്തിയും ആരോഗ്യവും വരുത്തി അവരെ സൌഖ്യമാക്കുകയും സമാധാനത്തിന്റെയും സത്യത്തിന്റെയും സമൃദ്ധി അവർക്കു വെളിപ്പെടുത്തുകയും ചെയ്യും. യിരേമ്യാവു 33:6

രാജാവ് ദാനിയേലിനോട് ഉത്തരം പറഞ്ഞത്: “നിനക്ക് ഈ രഹസ്യം വെളിപ്പെടുത്താൻ കഴിഞ്ഞതുകൊണ്ട്, നിങ്ങളുടെ ദൈവം ദൈവാധി ദൈവവും രാജാധികർത്താവും രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനും ആകുന്നു സത്യം. ” ദാനീയേൽ 2:47

ഇപ്പോൾ നെബൂഖദ്നേസർ എന്ന ഞാൻ സ്വർഗ്ഗസ്ഥനായ രാജാവിനെ സ്തുതിച്ചു സ്തുതിച്ചു ബഹുമാനിക്കുന്നു; അവന്റെ പ്രവൃത്തികൾ ഒക്കെയും സത്യവും അവന്റെ വഴികൾ ന്യായവും ആകുന്നു; നിഗളിച്ചു നടക്കുന്നവരെ താഴ്ത്തുവാനും അവൻ പ്രാപ്തൻ തന്നേ. ദാനീയേൽ 4:37

ഞാൻ അരികെ നില്ക്കുന്നവരിൽ ഒരുത്തന്റെ അടുക്കൽ ചെന്നു അവനോടു ഈ എല്ലാറ്റിന്റെയും സത്യം ചോദിച്ചു; അവൻ കാര്യങ്ങളുടെ അർത്ഥം പറഞ്ഞുതന്നു. അപ്പോൾ മറ്റെല്ലാറ്റിലും വെച്ചു വ്യത്യാസമുള്ളതും

അതിഭയങ്കരമായതും ഇരിമ്പുപല്ലുകളും താമ്രനഖങ്ങളും ഉള്ളതും തിന്നുകയും തകർക്കുകയും ശേഷിച്ചതിനെ കാൽകൊണ്ടു ചവിട്ടിക്കളയുകയും ചെയ്തതുമായ നാലാമത്തെ മൃഗത്തിന്റെ സത്യം ഞാൻ അറിയുമായിരുന്നു; ദാനിയേൽ 7:16 ,19

അതിക്രമം ഹേതുവായി നിരന്തരയാഗത്തിന്നു വിരോധമായി ഒരു സൈന്യത്തെ അവന്നു നിയമിച്ചു; അതു സത്യത്തെ നിലത്തു തള്ളിക്കളഞ്ഞു; അതു പ്രവർത്തിച്ചു അഭിവൃദ്ധിപ്പെട്ടു. ദാനീയേൽ 8:12

മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ ഈ അനർത്ഥമൊക്കെയും ഞങ്ങൾക്കു വന്നിരിക്കുന്നു; എന്നിട്ടും ഞങ്ങൾ ഞങ്ങളുടെ അകൃത്യങ്ങളെ വിട്ടുതിരിഞ്ഞു നിന്റെ സത്യത്താൽ ഗ്രഹിക്കേണ്ടതിന്നു ഞങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ പ്രാർത്ഥിച്ചില്ല. ദാനീയേൽ 9:13

എന്നാൽ സത്യഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതു ഞാൻ നിന്നെ അറിയിക്കാം; നിങ്ങളുടെ പ്രഭുവായ മീഖായേൽ അല്ലാതെ ഈ കാര്യങ്ങളിൽ എന്നോടുകൂടെ ഉറെച്ചുനിൽക്കുന്നവൻ ആരും ഇല്ല. ദാനീയേൽ 10:21

ഇനി ഞാൻ നിന്നോടു സത്യം അറിയിക്കാം: പേർഷ്യയിൽ ഇനി മൂന്നു രാജാക്കന്മാർ എഴുന്നേല്ക്കും; നാലാമത്തവൻ അവരെല്ലാവരിലും അധികം ധനവാനായിരിക്കും; അവൻ തന്റെ ധനംകൊണ്ടു ശക്തിപ്രാപിച്ചു എല്ലാവരെയും ഗ്രീക്കുരാജ്യത്തിന്നു നേരെ ഇളക്കിവിടും. ദാനീയേൽ 11:2

യിസ്രായേൽമക്കളേ, യഹോവയുടെ വചനം കേൾപ്പിൻ; യഹോവെക്കു ദേശനിവാസികളോടു ഒരു വ്യവഹാരം ഉണ്ടു; ദേശത്തു സത്യവുമില്ല, കരുണയില്ല, ദൈവപരിജ്ഞാനവുമില്ല. ഹോശേയ 4:1

പുരാതനകാലംമുതൽ നീ ഞങ്ങളുടെ പിതാക്കന്മാരോടു സത്യം ചെയ്തിരിക്കുന്ന നിന്റെ സത്യം യാക്കോബിനോടും നിന്റെ ദയ അബ്രാഹാമിനോടും കാണിക്കും. മീഖാ 7:20

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ സീയോനിലേക്കു മടങ്ങിവന്നു യെരൂശലേമിന്റെ മദ്ധ്യേ വസിക്കും; യെരൂശലേം സത്യനഗരം എന്നും സൈന്യങ്ങളുടെ യഹോവയുടെ പർവ്വതത്തിന്നു വിശുദ്ധപർവ്വതം എന്നും പേർ പറയും. ഞാൻ അവരെ കൊണ്ടുവരും; അവർ യെരൂശലേമിൽ പാർക്കും; സത്യത്തിലും നീതിയിലും അവർ എനിക്കു ജനമായും ഞാൻ അവർക്കു ദൈവമായും ഇരിക്കും. നിങ്ങൾ ചെയ്യേണ്ടുന്ന കാര്യങ്ങൾ ഇവയാകുന്നു: ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം പറവിൻ; നിങ്ങളുടെ ഗോപുരങ്ങളിൽ സത്യത്തോടും സമാധാനത്തോടുംകൂടെ ന്യായപാലനം ചെയ്‌വിൻ. സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നാലാം മാസത്തെ ഉപവാസവും അഞ്ചാം മാസത്തെ

ഉപവാസവും ഏഴാം മാസത്തെ ഉപവാസവും പത്താം മാസത്തെ ഉപവാസവും യെഹൂദാഗൃഹത്തിന് ആനന്ദവും സന്തോഷവും പ്രമോദകരമായ ഉത്സവങ്ങളും ആയിരിക്കും; അതുകൊണ്ട് സത്യത്തെയും സമാധാനത്തെയും ഇഷ്ടപ്പെടുവിൻ. സെഖര്യാവ് 8: 3,8,16,19

സത്യത്തിന്റെ ഉപദേശം അവന്റെ വായിൽ ഉണ്ടായിരുന്നു; നീതികേടു അവന്റെ അധരങ്ങളിൽ കണ്ടതുമില്ല; സമാധാനത്തിലും പരമാർത്ഥതയിലും അവൻ എന്നോടുകൂടെ നടന്നു പലരെയും അകൃത്യത്തിൽനിന്നു പിന്തിരിപ്പിച്ചു. മലാഖി 2:6

സുവിശേഷങ്ങളും പ്രവൃത്തികളും

അപ്പോൾ പടകിലുള്ളവർ: നീ ദൈവപുത്രൻ സത്യം എന്നു പറഞ്ഞു അവനെ നമസ്കരിച്ചു. മത്തായി 14:33

അവൾ പറഞ്ഞു: "അതേ, കർത്താവേ, നായ്ക്കളും യജമാനന്മാരുടെ മേശയിൽ നിന്ന് വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ." മത്തായി 15:27

അവർ തങ്ങളുടെ ശിഷ്യന്മാരെ ഹെരോദ്യരോടുകൂടെ അവന്റെ അടുക്കൽ അയച്ചു: ഗുരോ, നീ സത്യവാനും ദൈവത്തിന്റെ വഴി സത്യമായി പഠിപ്പിക്കുന്നവനും മനുഷ്യരുടെ മുഖം നോക്കാത്തവൻ ആകയാൽ ആരെയും ശങ്കയില്ലാത്തവനും ആകുന്നു എന്നു ഞങ്ങൾ അറിയുന്നു. മത്തായി 22:16

എന്നാൽ സ്ത്രീ തനിക്കു സംഭവിച്ചതു അറിഞ്ഞിട്ടു ഭയപ്പെട്ടും വിറച്ചുകൊണ്ടും വന്നു അവന്റെ മുമ്പിൽ വീണു സത്യം ഒക്കെയും അവനോടു പറഞ്ഞു. മർക്കൊസ് 5:33

അവർ വന്നു അവനോടു: ഗുരോ, നീ സത്യവാനും ആരെയും ഗണ്യമാക്കാത്തവനും എന്നു ഞങ്ങൾ അറിയുന്നു; നീ മനുഷ്യരുടെ മുഖം നോക്കാതെ ദൈവത്തിന്റെ വഴി യഥാർത്ഥമായി പഠിപ്പിക്കുന്നു; കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ എന്നു ചോദിച്ചു. മർക്കൊസ് 12:14

ശാസ്ത്രി അവനോടു: ശരി, ഗുരോ, നീ പറഞ്ഞതു സത്യം തന്നേ; ഒരു ദൈവമേയുള്ളു; അവനല്ലാതെ മറ്റൊരു ദൈവവുമില്ല. മർക്കൊസ് 12:32

ഏലീയാവിന്റെ കാലത്തു ആകാശം മൂന്നു സംവത്സരവും ആറു മാസവും അടഞ്ഞിട്ടു ദേശത്തു എങ്ങും മഹാ ക്ഷാമം ഉണ്ടായപ്പോൾ യിസ്രായേലിൽ പല വിധവമാർ ഉണ്ടായിരുന്നു എന്നു ഞാൻ യഥാർത്ഥമായി നിങ്ങളോടു പറയുന്നു. ലൂക്കോസ് 4:25

എന്നാൽ ദൈവരാജ്യം കാണുവോളം മരണം ആസ്വദിക്കാത്ത ചിലർ ഇവിടെ നില്ക്കുന്നവരിൽ ഉണ്ടു എന്നു ഞാൻ സത്യം ആയി നിങ്ങളോടു പറയുന്നു. ലൂക്കോസ് 9:27

അവൻ തനിക്കുള്ള സകലത്തിന്നും അവനെ വിചാരകനാക്കിവേക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ലൂക്കോസ് 12:44

ഞാൻ സത്യമായി നിങ്ങളോടു പറയുന്നു. ലൂക്കോസ് 21:3

ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ വേറൊരാൾ ആത്മവിശ്വാസത്തോടെ പറഞ്ഞു: സത്യം, ഇവനും അവനോടുകൂടെ ആയിരുന്നു; എന്തെന്നാൽ ഇവൻ ഒരു ഗലീലക്കാരനാണ്. ലൂക്കോസ് 22:59

വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി ഞങ്ങൾ കണ്ടു. ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു, എന്നാൽ കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു. യോഹന്നാൻ 1:14 ,17

സത്യം പ്രവര്ത്തിക്കുന്നവനോ, തന്റെ പ്രവൃത്തി ദൈവത്തില് ചെയ്തിരിക്കയാല് അതു വെളിപ്പെടേണ്ടതിന്നു വെളിച്ചത്തിങ്കലേക്കു വരുന്നു. യോഹന്നാൻ 3:21

സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവരെ തന്നേ അന്വേഷിക്കുന്നു. ദൈവം ആത്മാവു ആകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം. യോഹന്നാൻ 4: 23-24

നിങ്ങൾ യോഹന്നാന്റെ അടുക്കൽ ആളയച്ചു; അവൻ സത്യത്തിന്നു സാക്ഷ്യം പറഞ്ഞിരിക്കുന്നു. യോഹന്നാൻ 5:33

യേശു ചെയ്ത അത്ഭുതം ആ മനുഷ്യർ കണ്ടിട്ടു: ലോകത്തിലേക്കു വരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നു പറഞ്ഞു. യോഹന്നാൻ 6:14

പുരുഷാരത്തിൽ പലരും ആ വാക്കു കേട്ടിട്ടു: ഇവൻ സത്യം ആ പ്രവാചകൻ ആകുന്നു എന്നു പറഞ്ഞു. യോഹന്നാൻ 7:40

സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു ഉത്തരം പറഞ്ഞു. എന്നാൽ ദൈവത്തോടു കേട്ടിട്ടുള്ള സത്യം നിങ്ങളോടു സംസാരിച്ചിരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലാൻ നോക്കുന്നു;

അങ്ങനെ അബ്രാഹാം ചെയ്തില്ലല്ലോ. നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവർ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ നിങ്ങൾ ചെയ്യും. അവൻ ആദിമുതൽ കൊലപാതകി ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ വസിച്ചില്ല. അവൻ കള്ളം പറയുമ്പോൾ സ്വന്തത്തിൽ നിന്നു പറയുന്നു; അവൻ കള്ളം പറയുന്നവനും അതിന്റെ അപ്പനും ആകുന്നു. ഞാന് നിങ്ങളോടു സത്യം പറയുന്നതുകൊണ്ടു നിങ്ങള് എന്നെ വിശ്വസിക്കുന്നില്ല. നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ചു ബോധം വരുത്തുന്നു? ഞാൻ സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തതു എന്തു? യോഹന്നാൻ 8:32 ,40,44-46

യേശു അവനോട്: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. യോഹന്നാൻ 14:6

ലോകം അവനെ കാണുകയോ അറികയോ ചെയ്യായ്കയാൽ അതിന്നു അവനെ ലഭിപ്പാൻ കഴികയില്ല; നിങ്ങളോ അവൻ നിങ്ങളോടുകൂടെ വസിക്കയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതുകൊണ്ടു അവനെ അറിയുന്നു. യോഹന്നാൻ 14:17

ഞാന് പിതാവിന്റെ അടുക്കല്നിന്നു നിങ്ങള്ക്കു അയപ്പാനുള്ള കാര്യസ്ഥനായി പിതാവില് നിന്നു പുറപ്പെടുന്ന സത്യാത്മാവു വരുമ്പോള് അവന് എന്നെക്കുറിച്ചു സാക്ഷ്യം പറയും. യോഹന്നാൻ 15:26

എങ്കിലും ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ ആശ്വാസകൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴിനടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നതു സംസാരിക്കും; വരുവാനുള്ളതു നിങ്ങൾക്കു അറിയിച്ചുതരും. യോഹന്നാൻ 16: 7,13

സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു. അവരും സത്യത്താൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന്നു ഞാൻ അവർക്കുവേണ്ടി എന്നെത്തന്നേ വിശുദ്ധീകരിക്കുന്നു. യോഹന്നാൻ 17:17 ,19

പീലാത്തോസ് അവനോട്: "എന്നാൽ നീ രാജാവാണോ?" എന്ന് ചോദിച്ചതിന് യേശു ഉത്തരം പറഞ്ഞു: " ഞാൻ രാജാവാണെന്ന് നീ പറയുന്നുവല്ലോ. സത്യത്തിന് സാക്ഷ്യം വഹിക്കേണ്ടതിന് ഞാൻ ജനിച്ചു, അതിന്നായിട്ടല്ലോ ഞാൻ ലോകത്തിൽ വന്നതും. സത്യത്തിൽ നിന്നുള്ളവൻ എല്ലാം എന്റെ ശബ്ദം കേൾക്കുന്നു." പീലാത്തോസ് അവനോടു: സത്യം എന്നാൽ എന്തു എന്നു ചോദിച്ചു; ഇതു പറഞ്ഞിട്ടു അവൻ പിന്നെയും യെഹൂദന്മാരുടെ

അടുക്കൽ പുറത്തു ചെന്നു അവരോടു: ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല എന്നു പറഞ്ഞു. യോഹന്നാൻ 18: 37-38

നീ അഭിഷേകം ചെയ്ത നിന്റെ പരിശുദ്ധദാസനായ യേശുവിന്നു വിരോധമായി ഹെരോദാവും പൊന്തിയൊസ് പീലാത്തൊസും ജാതികളും യിസ്രായേൽ ജനവുമായി ഒന്നിച്ചുകൂടി, പ്രവൃത്തികൾ 4:27

അപ്പോൾ പത്രൊസ് വായ് തുറന്നു പറഞ്ഞു തുടങ്ങിയതു: ദൈവത്തിന്നു മുഖപക്ഷമില്ല എന്നു ഞാൻ യഥാർത്ഥമായി ഗ്രഹിക്കുന്നു. പ്രവൃത്തികൾ 10:34

അതിന്നു അവൻ: രാജശ്രീ ഫെസ്തൊസേ, എനിക്കു ഭ്രാന്തില്ല; ഞാൻ സത്യവും സുബോധവുമായ വാക്കത്രേ സംസാരിക്കുന്നതു എന്നു പറഞ്ഞു. പ്രവൃത്തികൾ 26:25

ലേഖനങ്ങൾ

അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു സേവിച്ചു; അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ. റോമർ 1:18 ,25

എന്നാൽ ആ വക പ്രവർത്തിക്കുന്നവരുടെ നേരെ ദൈവത്തിന്റെ വിധി സത്യാനുസരണയായിരിക്കുന്നു എന്നു നമുക്ക് ഉറപ്പുണ്ട്. നിത്യജീവനും, ശാഠ്യം പൂണ്ടു സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്കു കോപവും ക്രോധവും കൊടുക്കും. റോമർ 2:2 ,8

മൂഢരെ പഠിപ്പിക്കുന്നവൻ, ശിശുക്കൾക്കു ഉപദേഷ്ടാവു എന്നു ഞാൻ അറിയുന്നു; ന്യായപ്രമാണത്തിൽ ജ്ഞാനത്തിന്റെയും സത്യത്തിന്റെയും സ്വരൂപം നിനക്കുണ്ടു. റോമർ 2:20

ദൈവത്തിന്റെ സത്യം എന്റെ ഭോഷ്കിനാൽ അവന്റെ മഹത്വത്തിന്നായി അധികം തെളിവായി എങ്കിൽ എന്നെ പാപി എന്നു വിധിക്കുന്നതു എന്തു? റോമർ 3:7

ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ ഭോഷ്കല്ല. എന്റെ മനസ്സാക്ഷി പരിശുദ്ധാത്മാവിൽ എനിക്കു സാക്ഷിയായിരിക്കുന്നു. റോമർ 9:1

പിതാക്കന്മാർക്കു ലഭിച്ച വാഗ്ദത്തങ്ങളെ ഉറപ്പിക്കേണ്ടതിന്നു യേശുക്രിസ്തു ദൈവത്തിന്റെ സത്യംനിമിത്തം പരിച്ഛേദനയുടെ ശുശ്രൂഷകനായിത്തീർന്നു എന്നു ഞാൻ പറയുന്നു. റോമർ 15:8

ആകയാൽ നാം പഴയ പുളിമാവുകൊണ്ടല്ല, തിന്മയും ദുഷ്ടതയും ആയ പുളിമാവുകൊണ്ടല്ല, ആത്മാർത്ഥതയും സത്യവുമായ പുളിപ്പില്ലാത്ത അപ്പംകൊണ്ടു തന്നേ പെരുനാൾ ആചരിക്ക. കൊരിന്ത്യർ 1 5:8

അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ സന്തോഷിക്കുന്നു; കൊരിന്ത്യർ 1 13:6

അങ്ങനെ അവന്റെ ഹൃദയരഹസ്യങ്ങൾ വെളിപ്പെടും; അങ്ങനെ അവൻ കവിണ്ണുവീണ് ദൈവത്തെ ആരാധിക്കുകയും ദൈവം വാസ്തവമായി നിങ്ങളിൽ ഉണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്യും. കൊരിന്ത്യർ 1 14:25

എന്നാൽ ലജ്ജയുടെ രഹസ്യകാര്യങ്ങളെ ത്യജിച്ചു ഉപായം പ്രയോഗിക്കാതെയും ദൈവവചനത്തിൽ കൂട്ടുകൂടാതെയും സത്യം വെളിപ്പെടുത്തുന്നതിനാൽ ദൈവസന്നിധിയിൽ സകലമനുഷ്യരുടെയും മനസ്സാക്ഷിക്കു ഞങ്ങളെത്തന്നേ ബോദ്ധ്യമാക്കുന്നു. കൊരിന്ത്യർ 2 4:2

സത്യവചനത്താലും, ദൈവശക്തിയാലും, വലത്തും ഇടത്തും നീതിയുടെ ആയുധവർഗ്ഗത്താലും, കൊരിന്ത്യർ 2 6:7

ഞാൻ അവനോട് നിങ്ങളെക്കുറിച്ച് വല്ലതും പ്രശംസിച്ചിട്ടുണ്ടെങ്കിൽ എനിക്ക് ലജ്ജയില്ല; എന്നാൽ ഞങ്ങൾ നിങ്ങളോടു സകലവും സത്യമായി പറഞ്ഞതുപോലെ, തീത്തോസിനോടു ഞങ്ങൾ പ്രശംസിച്ചതും സത്യമായി തെളിഞ്ഞു. കൊരിന്ത്യർ 2 7:14

ക്രിസ്തുവിന്റെ സത്യം എന്നിലുള്ളതുകൊണ്ട് അഖായപ്രദേശങ്ങളിൽ ആരും എന്റെ ഈ പ്രശംസ തടയുകയില്ല. കൊരിന്ത്യർ 2 11:10

ഞാൻ പ്രശംസിക്കുവാൻ ആഗ്രഹിച്ചാലും മൂഢനാകയില്ല; സത്യം പറയും; എന്നാൽ ഇപ്പോൾ ആരും എന്നെ കാണുന്നതിനും എന്റെ വാക്കു കേൾക്കുന്നതിനും മീതെ എന്നെക്കുറിച്ചു ചിന്തിക്കരുതു എന്നുവെച്ചു ഞാൻ അടങ്ങിയിരിക്കുന്നു. കൊരിന്ത്യർ 2 12:6

സത്യത്തിന്നു അനുകൂലമല്ലാതെ സത്യത്തിന്നു പ്രതികൂലമായി ഞങ്ങൾക്കു ഒന്നും കഴിവില്ലല്ലോ. കൊരിന്ത്യർ 2 13:8

സുവിശേഷത്തിന്റെ സത്യം നിങ്ങളോടുകൂടെ നിലനിൽക്കേണ്ടതിന്നു, ഞങ്ങൾ അവർക്കു ഒരു നാഴികപോലും കീഴടങ്ങിയില്ല. ഗലാത്യർ 2:5

എന്നാൽ അവർ സുവിശേഷത്തിന്റെ സത്യം അനുസരിച്ചു ചൊവ്വായി നടക്കുന്നില്ല എന്നു കണ്ടിട്ടു ഞാൻ എല്ലാവരും കേൾക്കെ പത്രൊസിനോടു പറഞ്ഞതു: യെഹൂദനായ നീ യെഹൂദമര്യാദപ്രകാരമല്ല ജാതികളുടെ

മര്യാദപ്രകാരം ജീവിക്കുന്നു എങ്കിൽ നീ ജാതികളെ യെഹൂദമര്യാദപ്രകാരം ജീവിക്കാൻ നിർബന്ധിക്കുന്നതു എന്തു? ഗലാത്യർ 2:14

ഹാ ബുദ്ധിയില്ലാത്ത ഗലാത്യരേ, യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നിങ്ങളുടെ കണ്ണിന്നു മുമ്പിൽ വരെക്കപ്പെട്ടിരിക്കെ നിങ്ങളെ മയക്കിയതു ആർ? സത്യം അനുസരിക്കാതിരിപ്പാൻ നിങ്ങളെ മയക്കിയതു ആർ? ഗലാത്യർ 3:1

അങ്ങനെയിരിക്കെ, നിങ്ങളോടു സത്യം പറകകൊണ്ടു ഞാൻ നിങ്ങൾക്കു ശത്രുവായിപ്പോയോ? ഗലാത്യർ 4:16

നിങ്ങൾ നന്നായി ഓടിയിരുന്നു; സത്യം അനുസരിക്കാതിരിപ്പാൻ നിങ്ങളെ ആർ തടുത്തു കളഞ്ഞു? ഗലാത്യർ 5:7

നിങ്ങളുടെ രക്ഷയുടെ സുവിശേഷം എന്ന സത്യവചനം കേട്ടു നിങ്ങളും അവനിൽ വിശ്വസിച്ചു; അവനിൽ വിശ്വസിച്ചശേഷം വാഗ്ദത്തത്തിന്റെ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു. എഫെസ്യർ 1:13

സ്നേഹത്തില് സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാന് ഇടയാകും. യേശുവിൽ സത്യം ഉള്ളതുപോലെ, നിങ്ങൾ അവനെ കേട്ടു അവനിൽ ഉപദേശം പ്രാപിച്ചു എങ്കിൽ, ആകയാൽ ഭോഷ്കു ഉപേക്ഷിച്ചു ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലോ. എഫെസ്യർ 4:15 ,21,25

(ആത്മാവിന്റെ ഫലം സകല നന്മയിലും നീതിയിലും സത്യത്തിലും ആകുന്നു;) എഫെസ്യർ 5:9

സത്യം കൊണ്ട് അര കെട്ടിയും നീതിയുടെ കവചം ധരിച്ചും നിങ്ങൾ ഉറച്ചുനിൽക്കുവിൻ. എഫെസ്യർ 6:14

നാട്യമായിട്ടോ സത്യമായിട്ടോ ഏതുവിധേനയും ക്രിസ്തു പ്രസംഗിക്കപ്പെടുന്നു; അതിൽ ഞാൻ സന്തോഷിക്കുന്നു, അതെ, ഇനിയും സന്തോഷിക്കും. ഫിലിപ്പിയർ 1:18

സുവിശേഷത്തിന്റെ സത്യവചനത്തിൽ നിങ്ങൾ മുമ്പ് കേട്ടതുപോലെ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശെക്കായിട്ടല്ലോ. നിങ്ങൾ ദൈവകൃപയെ യഥാർത്ഥമായി കേട്ടറിഞ്ഞ നാൾമുതൽ, സർവ്വലോകത്തിലും എന്നപോലെ നിങ്ങളുടെ അടുക്കലും വന്നിരിക്കുന്നു; അതു നിങ്ങളിലും ഫലം കായിക്കുന്നു. കൊലൊസ്സ്യർ 1:5 -6

അതുകൊണ്ടു നിങ്ങൾ ദൈവവചനം ഞങ്ങൾ പ്രസംഗിച്ചതു കേട്ടു, മനുഷ്യരുടെ വചനമായിട്ടല്ല സാക്ഷാൽ ആകുന്നതുപോലെ

ദൈവവചനമായിട്ടു തന്നേ കൈക്കൊണ്ടതുകൊണ്ടു ഞങ്ങൾ ദൈവത്തിന്നു ഇടവിടാതെ സ്തോത്രം ചെയ്യുന്നു; വിശ്വസിക്കുന്ന നിങ്ങളിൽ അതു വ്യാപരിച്ചുകൊണ്ടിരിക്കുന്നു. തെസ്സലൊനീക്യർ 1 2:13

സത്യത്തെ സ്നേഹിച്ചു രക്ഷിക്കപ്പെടായ്കയാൽ തന്നേ, നശിച്ചുപോകുന്നവരിൽ അനീതിയുടെ സകല വഞ്ചനയും ഉണ്ടാകും . സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ ആനന്ദിക്കുന്ന എല്ലാവരും ശിക്ഷാവിധിയിലാകേണ്ടതിന്നു തന്നേ. കർത്താവിന്നു പ്രിയരായ സഹോദരന്മാരേ, ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷെക്കായി തിരഞ്ഞെടുത്തതുകൊണ്ടു നിങ്ങൾ നിമിത്തം ദൈവത്തിന്നു എപ്പോഴും സ്തോത്രം ചെയ്‌വാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. 2 തെസ്സലൊനീക്യർ 2:10 ,12-13

അവൻ സകലമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു. ഈ സാക്ഷ്യത്തിന്നായി ഞാന് പ്രസംഗിയും അപ്പൊസ്തലനുമായി നിയമിക്കപ്പെട്ടിരിക്കുന്നു; ഭോഷ്കല്ല, സത്യം തന്നേ ഞാന് ക്രിസ്തുവില് പറയുന്നു; ജാതികളെ വിശ്വാസത്തിലും സത്യത്തിലും ഉപദേഷ്ടാവായും നിയമിക്കപ്പെട്ടിരിക്കുന്നു. 1 തിമൊഥെയൊസ് 2:4 ,7

ഞാൻ താമസിച്ചുപോയാലോ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായി ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ എങ്ങനെ പെരുമാറണമെന്ന് നീ അറിയേണ്ടതിന് ഇത് എഴുതുന്നു. തിമൊഥെയൊസ് 1 3:15

വിവാഹം വിലക്കുകയും സത്യം ഗ്രഹിച്ചിരിക്കുന്ന വിശ്വസിക്കുന്നവര് സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വര്ജ്ജിക്കേണം എന്നു കല്പിക്കുകയും ചെയ്യും. തിമൊഥെയൊസ് 1 4:3

ദുർബ്ബുദ്ധികളും സത്യ ത്യാഗികളുമായ മനുഷ്യരുടെ വികടമായ തർക്കങ്ങൾ, ദൈവഭക്തി ആദായമാണെന്ന് അവർ കരുതുന്നു; ഇങ്ങനെയുള്ളവരെ വിട്ട് അകന്നു നിൽക്കുക. 1 തിമൊഥെയൊസ് 6:5

സത്യവചനത്തെ ശരിയായി വിഭജിച്ച് ലജ്ജിക്കേണ്ടതില്ലാത്ത ഒരു വേലക്കാരനായി, ദൈവത്തിന് അംഗീകാരമുള്ളവനായി സ്വയം കാണിക്കാൻ പഠിക്കുക. തിമൊഥെയൊസ് 2 2:15

അവര് സത്യം വിട്ടു തെറ്റി: പുനരുത്ഥാനം കഴിഞ്ഞു എന്നു പറഞ്ഞു ചിലരുടെ വിശ്വാസം മറിച്ചു കളയുന്നു. തിമൊഥെയൊസ് 2 2:18

എതിർക്കുന്നവരെ സൌമ്യതയോടെ ഉപദേശിക്കയും; ദൈവം അവർക്ക് സത്യം അറിയുവാൻ മാനസാന്തരം നൽകുമെങ്കിൽ; തിമൊഥെയൊസ് 2 2:25

എപ്പോഴും പഠിച്ചിട്ടും സത്യത്തിന്റെ പരിജ്ഞാനത്തിലെത്താൻ ഒരിക്കലും കഴിയുന്നില്ല. യന്നേസും യംബ്രേസും മോശെയോടു എതിർത്തുനിന്നതുപോലെ തന്നേ ഇവരും സത്യത്തോടു മറുത്തുനിലക്കുന്നു; ദുർബ്ബുദ്ധികളും വിശ്വാസം സംബന്ധിച്ചു കൊള്ളരുതാത്തവരുമത്രേ. 2 തിമൊഥെയൊസ് 3: 7-8

അവർ സത്യത്തിനു ചെവികൊടുക്കാതെ കെട്ടുകഥകളിലേക്കു തിരിയും. തിമൊഥെയൊസ് 2 4:4

ദൈവത്തിന്റെ ദാസനും യേശുക്രിസ്തുവിന്റെ അപ്പൊസ്തലനുമായ പൌലൊസ്, ദൈവം തിരഞ്ഞെടുത്തവരുടെ വിശ്വാസത്താലും ദൈവഭക്തിയാലുള്ള സത്യത്തിന്റെ പരിജ്ഞാനത്താലും യെഹൂദകഥകളെയും സത്യം വിട്ടകലുന്ന മനുഷ്യരുടെ കല്പനകളെയും ശ്രദ്ധിക്കാതിരിക്കേണ്ടതിന്നും അവരെ കഠിനമായി ശാസിക്ക. തീത്തൊസ് 1:1 ,14

സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കു വേണ്ടി ഇനി ഒരു യാഗവും ശേഷിക്കുന്നില്ല. എബ്രായർ 10:26

നാം അവന്റെ സൃഷ്ടികളിൽ ഒരുവിധം ആദ്യഫലമാകേണ്ടതിന്നു അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു. യാക്കോബ് 1:18

എന്നാൽ നിങ്ങളുടെ ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിന്നു വിരോധമായി പ്രശംസിക്കയും ഭോഷകു പറകയുമരുതു. യാക്കോബ് 3:14

സഹോദരന്മാരേ, നിങ്ങളിൽ ഒരുവൻ സത്യംവിട്ടു തെറ്റിപ്പോകയും അവനെ ഒരുവൻ തിരിച്ചുവരുത്തുകയും ചെയ്താൽ യാക്കോബ് 5:19

എന്നാല് സത്യം അനുസരിക്കയാല് നിങ്ങളുടെ ആത്മാക്കളെ നിര്വ്യാജമായ സഹോദരപ്രീതിക്കായി നിര്മ്മലീകരിച്ചിരിക്കകൊണ്ടു ഹൃദയപൂര്വ്വം അന്യോന്യം ഉറ്റുസ്നേഹിപ്പിന് . പത്രൊസ് 1 1:22

അതുകൊണ്ടു നിങ്ങൾ അറിഞ്ഞവരും ലഭിച്ച സത്യത്തിൽ ഉറെച്ചു നിലക്കുന്നവരും എന്നു വരികിലും ഇതു നിങ്ങളെ എപ്പോഴും ഔർപ്പിപ്പാൻ ഞാൻ ഒരുങ്ങിയിരിക്കും. പത്രൊസ് 2 1:12

അവരുടെ ദുഷ്പ്രവൃത്തികളെ പലരും അനുകരിക്കും; അവർ നിമിത്തം സത്യമാർഗ്ഗം ദുഷിക്കപ്പെടും. പത്രൊസ് 2 2:2

അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല. നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതെയായി. 1 യോഹന്നാൻ 1:6 ,8

അവനെ അറിഞ്ഞിരിക്കുന്നു എന്നു പറകയും അവന്റെ കല്പനകളെ പ്രമാണിക്കാതിരിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു; സത്യം അവനിൽ ഇല്ല. നിങ്ങൾ സത്യം അറിയായ്കകൊണ്ടല്ല, നിങ്ങൾ അത് അറികയാലും ഒരു ഭോഷകും സത്യത്തിൽനിന്നു വരായ്കയാലുമത്രേ ഞാൻ നിങ്ങൾക്കു എഴുതിയിരിക്കുന്നതു. അവനിൽ നിന്ന് നിങ്ങൾ സ്വീകരിച്ച അഭിഷേകം നിങ്ങളിൽ വസിക്കുന്നു; ആരും നിങ്ങളെ പഠിപ്പിക്കേണ്ടതില്ല. അവന്റെ അഭിഷേകം തന്നെ നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയാലും അത് സത്യമായിരിക്കയാലും അത് ഭോഷ്കല്ല, അത് നിങ്ങളെ പഠിപ്പിച്ചതുപോലെ നിങ്ങൾ അവനിൽ വസിക്കുവിൻ. 1 യോഹന്നാൻ 2:4 ,21,27

എന്റെ കുഞ്ഞുങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക. നാം സത്യത്തിന്റെ പക്ഷത്തു നിലക്കുന്നവർ എന്നു ഇതിനാൽ നമുക്കു അറിയാം; നമ്മുടെ ഹൃദയത്തെ അവന്റെ സന്നിധിയിൽ ഉറപ്പിക്കാം. 1 യോഹന്നാൻ 3: 18-19

ഞങ്ങൾ ദൈവത്തിൽനിന്നുള്ളവരാകുന്നു; ദൈവത്തെ അറിയുന്നവൻ നമ്മുടെ വാക്കു കേൾക്കുന്നു; ദൈവത്തിൽനിന്നല്ലാത്തവൻ നമ്മുടെ വാക്കു കേൾക്കുന്നില്ല. ഇതിനാൽ സത്യത്തിന്റെ ആത്മാവു ഏതു എന്നും വഞ്ചനയുടെ ആത്മാവു ഏതു എന്നും നമുക്കു അറിയാം. യോഹന്നാൻ 1 4:6

ജലത്താലും രക്തത്താലും വന്നവൻ ഇവൻ ആകുന്നു; യേശുക്രിസ്തു തന്നേ; ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലും തന്നേ. ആത്മാവും സാക്ഷ്യം പറയുന്നു; ആത്മാവു സത്യമാകുന്നു. യോഹന്നാൻ 1 5:6

സത്യത്തിൽ ഞാൻ സ്നേഹിക്കുന്ന മാന്യയായ സ്ത്രീക്കും മക്കൾക്കും മൂപ്പനായ ഞാൻ എഴുതുന്നത്; എനിക്കു മാത്രമല്ല, സത്യം അറിഞ്ഞിരിക്കുന്ന എല്ലാവർക്കും കൂടെ. നമ്മിൽ വസിക്കുന്നതും എന്നേക്കും നമ്മോടൊപ്പമുള്ളതുമായ സത്യത്തിനുവേണ്ടി. പിതാവായ ദൈവത്തിങ്കല് നിന്നും പിതാവിന്റെ പുത്രനായ യേശുക്രിസ്തുവിങ്കല് നിന്നും സ്നേഹത്തിലും സത്യത്തിലും കൃപയും കനിവും സമാധാനവും നമ്മോടു കൂടെ ഇരിക്കുമാറാകട്ടെ. നമുക്കു പിതാവിങ്കല്നിന്നു കല്പന ലഭിച്ചതുപോലെ, അവിടത്തെ മക്കളില് ചിലര് സത്യത്തില് നടക്കുന്നതു ഞാന് കണ്ടു അത്യന്തം സന്തോഷിച്ചു. 2 യോഹന്നാൻ 1: 1-4

മൂപ്പനായ ഞാൻ സത്യത്തിൽ സ്നേഹിക്കുന്ന പ്രിയ ഗായൊസിന് എഴുതുന്നത്. സഹോദരന്മാർ വന്നു, നീ സത്യത്തിൽ നടക്കുന്നു എന്നു നിന്റെ സത്യത്തിന്നു സാക്ഷ്യം പറഞ്ഞപ്പോൾ ഞാൻ അത്യന്തം സന്തോഷിച്ചു. എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനെക്കാൾ വലിയ സന്തോഷം എനിക്കില്ല. ആകയാൽ നാം സത്യത്തിന്നു കൂട്ടുവേലക്കാർ ആകേണ്ടതിന്നു ഇങ്ങനെയുള്ളവരെ സല്ക്കരിക്കേണ്ടതാകുന്നു. ദെമേത്രിയൊസിന്നു എല്ലാവരാലും സത്യത്താൽ തന്നേയും നല്ല സാക്ഷ്യം ലഭിച്ചിട്ടുണ്ടു; ഞങ്ങളും സാക്ഷ്യം പറയുന്നു; ഞങ്ങളുടെ സാക്ഷ്യം സത്യം എന്നു നിങ്ങൾ അറിയുന്നു. 3 യോഹന്നാൻ 1:1 3-4,8,12

അപ്പോക്രിഫ

മൂന്നാമൻ എഴുതി, സ്ത്രീകൾ ശക്തരാണ്: എന്നാൽ എല്ലാറ്റിനുമുപരി സത്യം വിജയം വഹിക്കുന്നു. 1 എസ്രാ 3:12

1 എസ്രാ 4:13 -41
പിന്നെ സ്ത്രീകളെക്കുറിച്ചും സത്യത്തെക്കുറിച്ചും സംസാരിച്ച മൂന്നാമൻ (ഇത് സൊറോബാബേൽ ആയിരുന്നു) സംസാരിക്കാൻ തുടങ്ങി. പുരുഷന്മാരേ, മഹാരാജാവോ പുരുഷാരമോ അല്ല, വീഞ്ഞോ അല്ല ശ്രേഷ്ഠം; അപ്പോൾ അവരെ ഭരിക്കുന്നതോ അവരുടെ മേൽ ആധിപത്യമുള്ളതോ ആരാണ്? അവർ സ്ത്രീകളല്ലേ? സ്ത്രീകൾ രാജാവിനെയും കടലും കരയും ഭരിക്കുന്ന എല്ലാ ജനങ്ങളെയും പ്രസവിച്ചു. അവരിൽ നിന്നു തന്നേ അവർ വന്നു; വീഞ്ഞു വരുന്നതു എവിടെനിന്നു എന്നു മുന്തിരിത്തോട്ടങ്ങൾ നട്ടുപിടിപ്പിച്ചവരെ അവർ പോറ്റി. ഇവ പുരുഷന്മാർക്കും വസ്ത്രങ്ങൾ ഉണ്ടാക്കുന്നു; ഇവ പുരുഷന്മാർക്ക് മഹത്വം നൽകുന്നു; സ്ത്രീകളില്ലാതെ പുരുഷന്മാർക്ക് കഴിയില്ല. അതെ, പുരുഷന്മാർ സ്വർണ്ണമോ വെള്ളിയോ മറ്റേതെങ്കിലും നല്ല വസ്തുക്കളോ ശേഖരിച്ചിട്ടുണ്ടെങ്കിൽ, സൗന്ദര്യത്തിലും സൗന്ദര്യത്തിലും സുന്ദരിയായ ഒരു സ്ത്രീയെ അവർ സ്നേഹിക്കുന്നില്ലേ? ഇതെല്ലാം വിട്ടുകളഞ്ഞിട്ട് അവർ വിടപറയുകയും, വായ് തുറന്ന് പോലും അവളുടെ മേൽ കണ്ണു പതിപ്പിക്കുകയും ചെയ്യുന്നില്ലേ? വെള്ളിയോ സ്വർണ്ണമോ മറ്റേതെങ്കിലും നല്ല വസ്തുവോ ആഗ്രഹിക്കുന്നതിനേക്കാൾ എല്ലാ പുരുഷന്മാരും അവളോട് കൂടുതൽ ആഗ്രഹിക്കുന്നില്ലേ? ഒരു പുരുഷൻ തന്നെ വളർത്തിയ പിതാവിനെയും സ്വന്ത ദേശത്തെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും. ഭാര്യയോടൊപ്പം ജീവിതം ചെലവഴിക്കാൻ അയാൾക്ക് ആഗ്രഹമില്ല. അച്ഛനെയോ അമ്മയെയോ രാജ്യത്തെയോ ഓർക്കുന്നില്ല. ഇതിനാൽ സ്ത്രീകൾ നിങ്ങളുടെമേൽ കർത്തൃത്വം നടത്തുന്നു എന്നു നിങ്ങൾ അറിയണം. നിങ്ങൾ അദ്ധ്വാനിച്ചും അദ്ധ്വാനിച്ചും എല്ലാം സ്ത്രീക്കു കൊടുത്തും കൊടുക്കുന്നില്ലയോ? അതെ, ഒരു മനുഷ്യൻ തന്റെ വാളെടുത്ത് കൊള്ളയടിക്കാനും മോഷ്ടിക്കാനും കടലിലും നദികളിലും കപ്പൽ കയറാനും പോകുന്നു; സിംഹത്തെ നോക്കി ഇരുട്ടിൽ നടക്കുന്നു; അവൻ മോഷ്ടിക്കുകയും, കൊള്ളയടിക്കുകയും, കൊള്ളയടിക്കുകയും

ചെയ്യുമ്പോൾ, അവൻ അതിനെ തന്റെ സ്നേഹത്തിലേക്ക് കൊണ്ടുവരുന്നു. അതുകൊണ്ടാണ് ഒരു പുരുഷൻ തന്റെ ഭാര്യയെ അച്ഛനെക്കാളും അമ്മയെക്കാളും സ്നേഹിക്കുന്നത്. അതെ, സ്ത്രീകളെ സ്നേഹിക്കാൻ അറിയാതെ പോയവരും, അവർക്കുവേണ്ടി ദാസരായിത്തീരുന്നവരും ധാരാളം ഉണ്ട്. സ്ത്രീകൾക്കുവേണ്ടി പലരും നശിച്ചു, തെറ്റിദ്ധരിച്ചു, പാപം ചെയ്തിട്ടുണ്ട്. എന്നിട്ടും നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലേ? രാജാവ് തന്റെ ശക്തിയിൽ വലിയവനല്ലേ? എല്ലാ പ്രദേശങ്ങളും അവനെ തൊടാൻ ഭയപ്പെടുന്നില്ലേ? എങ്കിലും ഞാൻ അവനെയും രാജാവിന്റെ വെപ്പാട്ടിയും മാന്യനായ ബാർട്ടാക്കസിന്റെ മകളുമായ അപ്പാമെയും രാജാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നത് കണ്ടു. രാജാവിന്റെ തലയിൽ നിന്ന് കിരീടം എടുത്ത് തന്റെ തലയിൽ വച്ചു; അവൾ ഇടതുകൈകൊണ്ട് രാജാവിനെ അടിച്ചു. എന്നിട്ടും രാജാവ് വായ് തുറന്ന് അവളെ നോക്കി: അവൾ അവനെ നോക്കി ചിരിച്ചാൽ അവനും ചിരിച്ചു: പക്ഷേ അവൾക്ക് അവനോട് എന്തെങ്കിലും അനിഷ്ടം തോന്നിയാൽ, അവളെ വീണ്ടും അവനുമായി ഒരുമിപ്പിക്കാൻ വേണ്ടി രാജാവ് മുഖസ്തുതി പറയാൻ ആഗ്രഹിച്ചു. പുരുഷന്മാരേ, സ്ത്രീകൾ ഇങ്ങനെ ചെയ്യുന്നുണ്ടെങ്കിലും അവർ ശക്തരായിരിക്കണമെന്ന് എങ്ങനെ പറയാൻ കഴിയും? പിന്നെ രാജാവും പ്രഭുക്കന്മാരും പരസ്പരം നോക്കി; അങ്ങനെ അവൻ സത്യം പറയാൻ തുടങ്ങി. പുരുഷന്മാരേ, സ്ത്രീകൾ ശക്തരല്ലേ? ഭൂമി വലുതാണ്, ആകാശം ഉയരുന്നു, സൂര്യൻ വേഗത്തിൽ സഞ്ചരിക്കുന്നു, കാരണം അവൻ ആകാശത്തെ ചുറ്റി സഞ്ചരിക്കുന്നു, ഒരു ദിവസം കൊണ്ട് സ്വന്തം സ്ഥലത്തേക്ക് മടങ്ങുന്നു. ഇവ സൃഷ്ടിക്കുന്നവൻ വലിയവനല്ലേ? അതുകൊണ്ട് സത്യം വലുതും എല്ലാറ്റിനേക്കാളും ശക്തവുമാണ്. ഭൂമി മുഴുവൻ സത്യത്തെ വിളിച്ചു പറയുന്നു, ആകാശം അതിനെ അനുഗ്രഹിക്കുന്നു; സകല പ്രവൃത്തികളും അതിന്മേൽ കുലുങ്ങി വിറയ്ക്കുന്നു; അതിൽ നീതികേടില്ല. വീഞ്ഞു ദുഷ്ടനാണ്, രാജാവ് ദുഷ്ടനാണ്, സ്ത്രീകൾ ദുഷ്ടരാണ്, മനുഷ്യപുത്രന്മാരെല്ലാം ദുഷ്ടരാണ്, അവരുടെ ദുഷ്പ്രവൃത്തികളെല്ലാം അങ്ങനെയാണ്; അവയിൽ സത്യമില്ല; അവരുടെ അനീതിയിലും അവർ നശിച്ചുപോകും. സത്യത്തെ സംബന്ധിച്ചിടത്തോളം, അത് നിലനിൽക്കുന്നു, എപ്പോഴും ശക്തവുമാണ്; അത് എന്നേക്കും ജീവിക്കുകയും കീഴടക്കുകയും ചെയ്യുന്നു. അവൾക്കു മുഖപക്ഷമോ പ്രതിഫലമോ ഇല്ല; എന്നാൽ അവൾ നീതിയുള്ള കാര്യങ്ങൾ ചെയ്യുന്നു; എല്ലാ അന്യായവും ദുഷ്ടവുമായ കാര്യങ്ങളിൽ നിന്നും അവൾ ഒഴിഞ്ഞുനിൽക്കുന്നു; എല്ലാ മനുഷ്യരും അവളുടെ പ്രവൃത്തികൾ പോലെ നന്നായി ചെയ്യുന്നു. അവളുടെ ന്യായവിധിയിലും അനീതിയില്ല; അവൾ എല്ലാ യുഗങ്ങളുടെയും ശക്തിയും രാജ്യവും ശക്തിയും മഹത്വവുമാണ്. സത്യത്തിന്റെ ദൈവം വാഴ്ത്തപ്പെട്ടവൻ. ഇത്രയും പറഞ്ഞിട്ടും അവൻ മിണ്ടാതിരുന്നു. അപ്പോൾ ജനമെല്ലാം ആർത്തു വിളിച്ചു പറഞ്ഞു: സത്യം വലുതാണ്, എല്ലാറ്റിനും മീതെ ശക്തമാണ്.

എന്നാൽ അടയാളങ്ങൾ വരുന്നതുപോലെ, ഇതാ, ഭൂവാസികൾ വലിയൊരു കൂട്ടം പിടിക്കപ്പെടുകയും സത്യത്തിന്റെ വഴി മറയ്ക്കപ്പെടുകയും ദേശം വിശ്വാസം ഇല്ലാതെയാകുകയും ചെയ്യുന്ന കാലം വരുന്നു. 2 എസ്രാ 5:1

വിശ്വാസമാകട്ടെ, അത് തഴച്ചുവളരും, അഴിമതി മറികടക്കപ്പെടും, വളരെക്കാലമായി ഫലമില്ലാതെ കിടന്നിരുന്ന സത്യം പ്രഖ്യാപിക്കപ്പെടും. 2 എസ്രാ 6:28

എന്നാൽ ന്യായവിധി മാത്രമേ നിലനിൽക്കൂ, സത്യം നിലനിൽക്കും, വിശ്വാസം ശക്തിപ്പെടും. അവിശ്വസ്തത അവസാനിച്ചു, അവിശ്വാസം ഇല്ലാതായി, ധർമ്മം വളർന്നു, സത്യം മുളച്ചുപൊങ്ങി. 2 എസ്രാ 7:34 ,44

അവന്റെ നോട്ടം ആഴങ്ങളെ ഉണക്കുന്നു; കോപം പർവ്വതങ്ങളെ ഉരുകിപ്പോകുന്നു; സത്യം അതിന് സാക്ഷ്യം വഹിക്കുന്നു. നിന്റെ ജനത്തിന്റെ പാപങ്ങളെയല്ല, സത്യത്തോടെ നിന്നെ സേവിക്കുന്നവരെയത്രേ നോക്കേണ്ടതു. എന്തെന്നാൽ സത്യത്തിൽ ജനിച്ചവരിൽ ആരും ദുഷ്ടത പ്രവർത്തിച്ചിട്ടല്ലാതെ ഇല്ല; വിശ്വസ്തരിൽ തെറ്റ് ചെയ്യാത്തവർ ആരുമില്ല. 2 എസ്രാ 8:23 ,26,35

നീ ഭൂമിയെ സത്യത്തോടെ വിധിച്ചിട്ടില്ലല്ലോ. 2 എസ്രാ 11:41

തോബിത്ത് എന്ന ഞാൻ എന്റെ ജീവിതത്തിലെ എല്ലാ ദിവസവും സത്യത്തിന്റെയും നീതിയുടെയും വഴികളിൽ നടന്നു, അശ്ശൂർ ദേശത്തേക്ക് എന്നോടൊപ്പം നീനെവേയിലേക്ക് വന്ന എന്റെ സഹോദരന്മാർക്കും എന്റെ ജനതയ്ക്കും ഞാൻ ധാരാളം ദാനധർമ്മങ്ങൾ ചെയ്തു. തോബിത് 1:3

കർത്താവേ, നീ നീതിമാൻ; നിന്റെ സകലപ്രവൃത്തികളും സകലവഴികളും കരുണയും സത്യവും ആകുന്നു; നീ എന്നേക്കും വിശ്വസ്തതയോടെയും നീതിയോടെയും വിധിക്കുന്നു. നിന്റെ വിധികൾ ബഹുത്വവും സത്യവുമാകുന്നു; എന്റെ പാപങ്ങൾക്കും എന്റെ പിതാക്കന്മാരുടെ പാപങ്ങൾക്കും തക്കവണ്ണം എന്നോടു ചെയ്യേണമേ; ഞങ്ങൾ നിന്റെ കല്പനകളെ പ്രമാണിച്ചിട്ടില്ല, നിന്റെ മുമ്പാകെ സത്യത്തിൽ നടന്നിട്ടുമില്ല. തോബിത് 3:2 ,5

എന്റെ മകളെ നീ വിവാഹം കഴിക്കുന്നത് ഉചിതം തന്നെ; എങ്കിലും ഞാൻ നിന്നോട് സത്യം അറിയിക്കാം. തോബിത് 7:10

അങ്ങനെ സകലജാതികളും കർത്താവിനെ സ്തുതിക്കും; അവന്റെ ജനം ദൈവത്തെ സ്തുതിക്കും; കർത്താവു തന്റെ ജനത്തെ ഉയർത്തും; സത്യത്തിലും നീതിയിലും ദൈവമായ കർത്താവിനെ സ്നേഹിക്കുന്നവരെല്ലാം സന്തോഷിച്ച് നമ്മുടെ സഹോദരന്മാരോട് കരുണ കാണിക്കും. ലേവ്യാപുസ്തകം 14:7

അപ്പോൾ അമ്മോന്യരുടെയെല്ലാം പ്രഭുവായ ആഖിയോർ പറഞ്ഞു: “യജമാനനേ, അടിയന്റെ വായിൽ നിന്ന് ഒരു വാക്ക് കേൾക്കണമേ;

അപ്പോൾ നിന്റെ സമീപത്ത് വസിക്കുകയും മലമ്പ്രദേശങ്ങളിൽ വസിക്കുകയും ചെയ്യുന്ന ഈ ജനത്തെക്കുറിച്ച് ഞാൻ നിന്നെ സത്യം അറിയിക്കാം. അടിയന്റെ വായിൽ നിന്ന് ഒരു ഭോഷ്കും പുറപ്പെടുകയില്ല." യൂദിത്ത് 5:5

നിങ്ങളുടെ സൈന്യാധിപനായ ഹോളോഫർണസിന്റെ മുമ്പാകെ സത്യവചനങ്ങൾ പ്രഖ്യാപിക്കാൻ ഞാൻ വരുന്നു; അവന്റെ ആളുകളിൽ ആരുടെയും ശരീരമോ ജീവനോ നഷ്ടപ്പെടുത്താതെ, മുഴുവൻ കുന്നിൻ പ്രദേശവും കീഴടക്കാൻ അവന് ഒരു വഴി ഞാൻ കാണിച്ചുതരാം. യൂദിത്ത് 10:13

അവനിൽ ആശ്രയിക്കുന്നവർ സത്യം ഗ്രഹിക്കും; സ്നേഹത്തിൽ വിശ്വസ്തരായിരിക്കുന്നവർ അവനോടുകൂടെ വസിക്കും. അവന്റെ വിശുദ്ധന്മാർക്കു കൃപയും കരുണയും ഉണ്ടു; അവൻ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെക്കുറിച്ചു കരുതലുള്ളവനാകുന്നു. ശലോമോന്റെ ജ്ഞാനം 3:9

അതുകൊണ്ട് നാം സത്യത്തിന്റെ വഴിയിൽ നിന്ന് തെറ്റിപ്പോയിരിക്കുന്നു, നീതിയുടെ വെളിച്ചം നമ്മുടെ മേൽ പ്രകാശിച്ചിട്ടില്ല, നീതിയുടെ സൂര്യൻ നമ്മുടെ മേൽ ഉദിച്ചിട്ടില്ല. ശലോമോന്റെ ജ്ഞാനം 5:6

ജ്ഞാനത്തെക്കുറിച്ചോ, അത് എന്താണെന്നും, അത് എങ്ങനെ ഉയർന്നുവന്നെന്നും ഞാൻ നിങ്ങളോട് പറയും, നിഗൂഢതകൾ നിങ്ങളിൽ നിന്ന് മറച്ചുവെക്കില്ല: മറിച്ച് അതിന്റെ ജനനത്തിന്റെ ആരംഭം മുതൽ അതിനെ അന്വേഷിക്കുകയും അതിന്റെ അറിവ് വെളിച്ചത്തു കൊണ്ടുവരികയും സത്യം ലംഘിക്കാതിരിക്കുകയും ചെയ്യും. ശലോമോന്റെ ജ്ഞാനം 6:22

നീ നിന്നെത്തന്നെ ഉയർത്തരുത്, അല്ലെങ്കിൽ നീ വീണു നിന്റെ ആത്മാവിന് അപമാനം വരുത്തും. അങ്ങനെ ദൈവം നിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുകയും സഭയുടെ നടുവിൽ നിന്നെ എറിയുകയും ചെയ്യും. കാരണം നീ യഥാർത്ഥമായി ദൈവഭക്തനായിരുന്നില്ല, നിന്റെ ഹൃദയം വഞ്ചനയാൽ നിറഞ്ഞിരിക്കുന്നു. സഭാപ്രസംഗി 1:30

സത്യത്തിനെതിരെ ഒരിക്കലും സംസാരിക്കരുത്; എന്നാൽ നിങ്ങളുടെ അജ്ഞതയുടെ തെറ്റിനെക്കുറിച്ച് ലജ്ജിക്കുക. മരണം വരെ സത്യത്തിനായി പരിശ്രമിക്കുക, കർത്താവ് നിങ്ങൾക്കുവേണ്ടി പോരാടും. സഭാപ്രസംഗി 4:25 ,28

സത്യം പരിശോധിക്കുന്നതിനു മുമ്പ് കുറ്റപ്പെടുത്തരുത്: ആദ്യം മനസ്സിലാക്കുക, തുടർന്ന് ശാസിക്കുക. സഭാപ്രസംഗി 11:7

പക്ഷികൾ അവയുടെ ഇഷ്ടങ്ങളെ ആശ്രയിക്കും; അങ്ങനെ സത്യം അവളിൽ പ്രവർത്തിക്കുന്നവരിലേക്ക് മടങ്ങിവരും. സഭാപ്രസംഗി 27:9

അശുദ്ധമായതിൽ നിന്ന് എന്ത് ശുദ്ധീകരിക്കാൻ കഴിയും? വ്യാജമായതിൽ നിന്ന് എന്ത് സത്യം പുറത്തുവരും? സഭാപ്രസംഗി 34:4

ഇതിനെല്ലാം ഉപരിയായി അത്യുന്നതനോട് പ്രാർത്ഥിക്കുക, അവൻ നിങ്ങളുടെ വഴി സത്യത്തിൽ നയിക്കട്ടെ. സഭാപ്രസംഗി 37:15

നിങ്ങളുടെ താമസസ്ഥലത്തെക്കുറിച്ചുള്ള മോഷണം, ദൈവത്തിന്റെ സത്യവും അവന്റെ ഉടമ്പടിയും സംബന്ധിച്ച സത്യം; മാംസത്തിൽ കൈമുട്ട് ചാരി നിൽക്കൽ; കൊടുക്കലും വാങ്ങലും വെറുക്കൽ; സഭാപ്രസംഗി 41:19

നീ ഞങ്ങളോടു ചെയ്തിട്ടുള്ളതിലൊക്കെയും നീ നീതിമാനാകുന്നു; നിന്റെ സകലപ്രവൃത്തികളും സത്യമാകുന്നു; നിന്റെ വഴികൾ ന്യായവും നിന്റെ വിധികൾ ഒക്കെയും സത്യവുമാകുന്നു. ഞങ്ങളുടെ മേലും ഞങ്ങളുടെ പിതാക്കന്മാരുടെ വിശുദ്ധനഗരമായ യെരൂശലേമിന്മേലും വരുത്തിയ എല്ലാറ്റിലും നീ സത്യമായ വിധി നടത്തിയിരിക്കുന്നു; ഞങ്ങളുടെ പാപങ്ങൾ നിമിത്തം നീ സത്യത്തിനും ന്യായത്തിനും അനുസൃതമായി ഇതെല്ലാം ഞങ്ങളുടെ മേൽ വരുത്തി. അസര്യാവിന്റെ പ്രാർത്ഥന 1:4 -5

അവരുടെ നടുവിൽ നിന്നുകൊണ്ട് അവൻ പറഞ്ഞു: യിസ്രായേൽമക്കളേ, നിങ്ങൾ ഇത്ര വിഡ്ഢികളാണോ? പരിശോധനയോ സത്യത്തെക്കുറിച്ചുള്ള അറിവോ കൂടാതെ ഒരു യിസ്രായേൽപുത്രിയെ നിങ്ങൾ കുറ്റം വിധിച്ചുവോ? സൂസന്ന 1:48

അതുകൊണ്ട് അവരെക്കുറിച്ചുള്ള ഭയവും പരിഭ്രമവും എല്ലാ ജനങ്ങളിലും വീണു; "അവരിൽ സത്യമോ നീതിയോ ഇല്ല; അവർ ചെയ്ത ഉടമ്പടിയും സത്യവും ലംഘിച്ചിരിക്കുന്നു" എന്ന് അവർ പറഞ്ഞു. 1 മക്കബായർ 7:18

യഹോവയായ ദൈവം നമ്മെ കടാക്ഷിക്കുന്നു; സത്യത്തിൽ അവൻ നമ്മിൽ ആശ്വാസം കണ്ടെത്തുന്നു. മോശെ അവരുടെ മുഖത്തു നോക്കി തന്റെ പാട്ടിൽ ഇങ്ങനെ പ്രഖ്യാപിച്ചു: "അവൻ തന്റെ ദാസന്മാരിൽ ആശ്വാസം പ്രാപിക്കും." 2 മക്കബായർ 7:6

ഹാനോക്ക്

ഭൂമിയുടെ മുഖത്തുനിന്ന് എല്ലാ ദുഷ്ടതകളെയും തുടച്ചുനീക്കുക, എല്ലാ ദുഷ്പ്രവൃത്തികളും അവസാനിക്കട്ടെ; നീതിയുടെയും സത്യത്തിന്റെയും തൈകൾ മുളയ്ക്കട്ടെ; അത് ഒരു അനുഗ്രഹമായി മാറും; നീതിയുടെയും സത്യത്തിന്റെയും പ്രവൃത്തികൾ സത്യത്തിലും സന്തോഷത്തിലും എന്നേക്കും നടപ്പെടും. എനോക്ക് 10:16

ആ നാളുകളിൽ ഞാൻ സ്വർഗ്ഗത്തിലുള്ള അനുഗ്രഹത്തിന്റെ ഭണ്ഡാരമുറികൾ തുറക്കും, അങ്ങനെ മനുഷ്യപുത്രന്മാരുടെ പ്രവൃത്തിയിലും അധ്വാനത്തിലും ഭൂമിയിലേക്ക് അവയെ ഇറക്കിവിടും. ലോകത്തിന്റെ എല്ലാ ദിവസങ്ങളിലും മനുഷ്യരുടെ എല്ലാ തലമുറകളിലും സത്യവും സമാധാനവും ഒരുമിച്ച് നിലനിൽക്കും. (ഹനോക്ക് 11:1-2)

അപ്പോൾ എന്റെ കൂടെയുണ്ടായിരുന്നവനും അവരുടെ തലവനുമായി വിശുദ്ധ ദൂതന്മാരിൽ ഒരാളായ ഊരിയേൽ പറഞ്ഞു: ഹാനോക്കേ, നീ എന്തിനാണ് ചോദിക്കുന്നത്, സത്യത്തിനായി നീ എന്തിനാണ് ആഗ്രഹിക്കുന്നത്? ഹാനോക്ക് 21:5

അവൻ എന്നോടു പറഞ്ഞു: ഹാനോക്ക്, മരത്തിന്റെ സുഗന്ധത്തെക്കുറിച്ച് നീ എന്നോട് ചോദിക്കുന്നത് എന്തിനാണ്, സത്യം പഠിക്കാൻ നീ ആഗ്രഹിക്കുന്നത് എന്തുകൊണ്ട്? ഹാനോക്ക് 25:1

പാപികൾ നീതിയുടെ വചനങ്ങളെ പലവിധത്തിൽ മാറ്റുകയും വളച്ചൊടിക്കുകയും ദുഷ്ടമായ വാക്കുകൾ സംസാരിക്കുകയും കള്ളം പറയുകയും വലിയ വഞ്ചനകൾ പ്രവർത്തിക്കുകയും അവരുടെ വാക്കുകളെക്കുറിച്ച് പുസ്തകങ്ങൾ എഴുതുകയും ചെയ്യുമെന്ന ഈ രഹസ്യം ഇപ്പോൾ എനിക്കറിയാം. എന്നാൽ അവർ എന്റെ എല്ലാ വാക്കുകളും അവരുടെ ഭാഷകളിൽ സത്യമായി എഴുതുകയും എന്റെ വാക്കുകളിൽ നിന്ന് ഒന്നും മാറ്റുകയോ കുറയ്ക്കുകയോ ചെയ്യാതെ, ഞാൻ ആദ്യം അവരെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയതെല്ലാം സത്യമായി എഴുതുകയും ചെയ്യുമ്പോൾ. പിന്നെ, മറ്റൊരു രഹസ്യം എനിക്കറിയാം, നീതിമാന്മാർക്കും ജ്ഞാനികൾക്കും സന്തോഷത്തിനും നീതിക്കും വളരെയധികം ജ്ഞാനത്തിനും കാരണമാകുന്ന പുസ്തകങ്ങൾ നൽകപ്പെടും. അവർക്ക് പുസ്തകങ്ങൾ നൽകപ്പെടും, അവർ അവയിൽ വിശ്വസിക്കുകയും അവയിൽ സന്തോഷിക്കുകയും ചെയ്യും, അപ്പോൾ അതിൽ നിന്ന് എല്ലാ നേരായ വഴികളും പഠിച്ച എല്ലാ നീതിമാന്മാർക്കും പ്രതിഫലം ലഭിക്കും. എനോക്ക് 104:10-13

ഇപ്പോൾ എന്റെ പിതാവേ, ഞങ്ങളുടെ പിതാവായ ഹാനോക്കിന്റെ അടുക്കൽ ചെന്ന് അവനിൽ നിന്ന് സത്യം പഠിക്കണമെന്ന് ഞാൻ നിന്നോട് അപേക്ഷിക്കാനും അപേക്ഷിക്കാനും ഇവിടെയുണ്ട്, കാരണം അവന്റെ വാസസ്ഥലം ദൂതന്മാരുടെ ഇടയിലാണ്. (ഹാനോക്ക് 106:7)

അവന്റെ അപ്പനായ ലാമെക്ക് ഭയന്ന് എന്റെ അടുക്കലേക്ക് ഓടിപ്പോയി, അവനെ അവനിൽ നിന്ന് ഉത്ഭവിച്ചതായി വിശ്വസിക്കാതെ, സ്വർഗ്ഗത്തിലെ ദൂതന്മാരുടെ രൂപത്തിലാണെന്ന് വിശ്വസിച്ചു; സത്യം എനിക്ക് വെളിപ്പെടുത്തിത്തരേണ്ടതിന് ഞാൻ നിന്റെ അടുക്കൽ വന്നിരിക്കുന്നു. (ഹനോക്ക് 106:12)

